RURAL INFORMATION BUREAU

# ഗ്രാമഭൂമി

പുസ്തകം 40 ലക്കം 01
ജനുവരി-ഫെബ്രുവരി 2017
ദ്വൈമാസിക



# ജലം ജീവാമൃതമാണ്

*നമ്മുടെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക!*



റൂറൽ ഇൻഫർമേഷൻ ബ്യൂറോ
തിരുവനന്തപുരം

ഗ്രാമഭൂമി ദ്വൈമാസിക
2017 ജനുവരി-ഫെബ്രുവരി • പുസ്തകം 40 • ലക്കം 1
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം, കേരള സർക്കാർ

**ഉപദേശക സമിതി**
**ചെയർമാൻ:** എ.ഷാജഹാൻ ഐ.എ.എസ്
ഗ്രാമവികസന കമ്മീഷണർ

**അംഗങ്ങൾ**
വി.എസ്. സന്തോഷ്കുമാർ
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-I
കെ. ഷൗക്കത്താലി
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-II
വി. അജയകുമാർ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
മഹിളാ കിസാൻ സശാക്തീകരൺ
പരിയോജന
കെ. രാജേന്ദ്രൻ
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ
PMGSY
എ.വി. അശോക് കുമാർ
ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
പി.ജെ. ആന്റണി
ഡയറക്ടർ, എസ്.ഐ.ആർ.ഡി
പി.കെ. മോഹനൻ
ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ,
റൂറൽ പ്ലാനിംഗ്
സി. മാധവൻ
ഡെപ്യൂട്ടി ഡയറക്ടർ (P&M)
ദീപ
ഫിനാൻസ് ഓഫീസർ
പി. അശോക് കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ചീഫ് എഡിറ്റർ
**എൻ. രാധാകൃഷ്ണപിള്ള**
ചീഫ് ഓഫീസർ
റൂറൽ ഇൻഫർമേഷൻ ബ്യൂറോ

എഡിറ്റർ
**വി. സുരേഷ്കുമാർ**
കാമ്പയിൻ ഓഫീസർ

അസിസ്റ്റന്റ് എഡിറ്റർമാർ
**സി . പ്രശാന്ത്**
അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
**ഷിജു ഏലിയാസ്**

സർക്കുലേഷൻ മാനേജർ
**റ്റി. സനൽകുമാർ**
മാനേജർ

കവർ & ലേ-ഔട്ട്
**രതീഷ് കുമാർ**
rash8590070404@gmail.com

ഓഫീസ്
**റൂറൽ ഇൻഫർമേഷൻ ബ്യൂറോ**
ആറാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3
ഫോൺ : 0471 2317262
email : ribkerala@gmail.com

## എഡിറ്റോറിയൽ

### കരുതിയിരിക്കാം കൊടും വരൾച്ചയെ!

ജൈവ വൈവിധ്യത്തിന്റെയും പ്രകൃതി മനോഹാരിതയുടെയും നാടാണ് കേരളം. ജലസമൃദ്ധമായ കായലുകളും നിറഞ്ഞൊഴുകുന്ന നദികളും ഇടതടവില്ലാതെ പെയ്യുന്ന മഴയും കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി. എന്നാൽ 44 നദികളുള്ള നാട് ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ജലക്ഷാമമാണ്. നമ്മുടെ നാട്ടിൽ ഉപഭോഗം ഏറെ നിയന്ത്രിക്കേണ്ട അവശ്യവസ്തുവായി ജലം മാറുകയാണ്. കാലാവസ്ഥാ വ്യതിയാനം കൊണ്ട് സംജാതമായ വരൾച്ചയും നിയന്ത്രണമില്ലാതെയുള്ള ജല ഉപയോഗവും എല്ലാ മാനദണ്ഡങ്ങളും മറന്നുള്ള ഭൂഗർഭജലമൂറ്റലുമെല്ലാം നമ്മുടെ നാടിനെ വരൾച്ചയിലേക്ക് തള്ളിവിടുന്നു. ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ ഗ്രാമം/നഗരം എന്ന വ്യത്യാസമില്ലാതായിരിക്കുന്നു.

ഭൂവിനിയോഗത്തിൽ കേരളീയർ പ്രകടിപ്പിച്ച നിലപാടുകൾ നമ്മുടെ നാട്ടിൽ വരൾച്ചയുടെ തോത് കൂട്ടിയതായി കാണാം. നിലം നികത്തലും ഭൂമി തരിശാക്കിയിടലും ഭൂഗർഭ ജലപരിപോഷണത്തെ തകർത്തതോടൊപ്പം, കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും മഴയിൽ കുറവ് വരുത്തിയതും തിരിച്ചടിയായി. പ്രകൃതിയിൽ നിന്നുള്ള ജലത്തെ അത് മഴവെള്ളമായാലും, ഭൂഗർഭജലമായാലും ആശ്രയിക്കുന്ന നമ്മൾ അത് ഉപയോഗിക്കുന്നതിൽ വേണ്ടത്ര മിതത്വം പാലിക്കുന്നില്ലായെന്നുള്ളത് യഥാർത്ഥ്യമാണ്. മഴയുടെ അളവ് ഗണ്യമായി കുറഞ്ഞതോടെ ജല ഉറവിടങ്ങൾ വറ്റിത്തുടങ്ങി; കൃഷിയിടങ്ങൾ കരിയാനും.

എന്തുകൊണ്ടാണ് മലയാളി മഴക്കാലത്തിന് ശേഷമുള്ള വരൾച്ചയെ മറന്ന് പോകുന്നത് ? അതിനുള്ള ഉത്തരം തേടുന്നതോടൊപ്പം നമ്മെ തുറിച്ച് നോക്കുന്ന അപകടകരമായ വരൾച്ചയെ നേരിടാനുള്ള മാർഗ്ഗങ്ങളും നാം സ്വീകരിച്ചേ മതിയാകൂ.

മഴവെള്ളം നഷ്ടപ്പെടാതെ സംഭരിച്ച് പ്രയോജനപ്പെടുത്തുക, ജലം പാഴാക്കിക്കളയുന്ന രീതി ഒഴിവാക്കുക, ജലത്തിന്റെ അമിതോപയോഗം അവസാനിപ്പിക്കുക, ഭൂമിയുടെ മാറ് പിളർന്നുള്ള ജലം ഊറ്റൽ നിയന്ത്രിക്കുക, പരമ്പരാഗതമായ ജലസംഭരണ രീതികൾ പ്രയോജനപ്പെടുത്തുക, പ്രകൃതിയോട് കാട്ടുന്ന സമീപനത്തിൽ മാറ്റം വരുത്തുക തുടങ്ങിയുള്ള നിരവധി മാർഗ്ഗങ്ങൾ നാം കൈക്കൊള്ളേണ്ടതുണ്ട്. അതിലൂടെ മാത്രമേ വരൾച്ചയെന്ന മഹാ വിപത്തിൽ നിന്ന് നമുക്ക് മോചിതരാകാൻ കഴിയൂ. അതിനുള്ള നടപടികൾ എല്ലാതലങ്ങളിൽ നിന്നും ഉയർന്ന് വരുമെന്ന് കരുതാം.

**എൻ.രാധാകൃഷ്ണപിള്ള**
ചീഫ് എഡിറ്റർ

# കത്തുകൾ

## ഉന്നത നിലവാരം പുലർത്തി

ഗ്രാമഭൂമിയുടെ വജ്രകേരളംപതിപ്പ് ഉഗ്രനായിട്ടുണ്ട്. കവർ ചിത്രവും ബാക്ക് ഇന്നർ പേജ് ചിത്രവും എടുത്ത് പറയേണ്ടവതന്നെ. ലേഖനങ്ങളെല്ലാം ഉന്നത നിലവാരം പുലർത്തുന്നു. എഴുമറ്റൂർ രാജരാജവർമ്മയെഴുതിയ 'മലയാളത്തിന്റെ സാമ്രാജ്യം', കേരളം രൂപീകൃതമായതെങ്ങനെയെന്ന് വിശദീകരിക്കുന്നു. ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ കേരളം പിന്നീട് മലയാളം സംസാരിക്കുന്നത് കുറച്ചിലായി കാണുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മലയാളത്തെ രണ്ടാനമ്മയെപ്പോലെ കാണുന്നു. ലേഖനത്തിന്റെ അവസാനം ലേഖകന്റെ നിരവധി ചോദ്യങ്ങൾക്ക് മൗനംപൂണ്ടിരിക്കാനേ നമുക്ക് കഴിയൂ.

**പി.ആർ. ജോസ്**, ചൊവ്വൂർ

## പ്രൗഢം, മനോഹരം

ഗ്രാമഭൂമിയുടെ വജ്രകേരളപ്പതിപ്പ് പ്രൗഢവും മനോഹരവുമായി. ഓരോ വിഷയത്തിലും അവഗാഹമുള്ള പ്രഗത്ഭരുടെ ലേഖനങ്ങൾ വിജ്ഞാനപ്രദങ്ങളായിരുന്നു. കേരളത്തിന്റെ വികസനത്തിൽ നിർണായക സ്വാധീനം ചെലുത്തുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ പരാമർശിച്ച പ്രൊഃ കെ. അരവിന്ദാക്ഷന്റെ 'യത്നിക്കാം നവകേരള സൃഷ്ടിക്കായി' എന്ന ലേഖനം ഏറെ ശ്രദ്ധേയമായി. ഗ്രാമഭൂമിക്ക് ആശംസകൾ നേരുന്നു.

**കെ.ജെ. സെബാസ്റ്റ്യൻ**, പിറവം

## ജനകീയാസൂത്രണത്തിലെ പുതിയ കാഴ്ചപ്പാടുകൾ

കെട്ടിലും മട്ടിലും പുതുമ പുലർത്തിയ ഗ്രാമഭൂമിയുടെ വജ്ര കേരളപ്പതിപ്പിൽ സി.പി. നാരായണൻ എം.പി എഴുതിയ 'ജനകീയാസൂത്രണം: ഇനി ശ്രദ്ധിക്കേണ്ടത്' എന്ന ലേഖനം ജനകീയാസൂത്രണത്തിനുണ്ടാകേണ്ട പുതിയ കാഴ്ചപ്പാടുകളെ സമഗ്രമായിത്തന്നെ വിലയിരുത്തി. മുൻകാലങ്ങളിലുണ്ടായ വീഴ്ചകൾ പരിഹരിച്ചുകൊണ്ട് പദ്ധതിക്ക് പുത്തൻ ദിശാബോധം നൽകാൻ സഹായകമാണ് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ. ലേഖനം പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്ക് അഭിനന്ദനങ്ങൾ.

**എം. പവിത്രൻ**, പാനൂർ,

## പ്രചോദനാത്മകം

കഴിഞ്ഞലക്കം പ്രസിദ്ധീകരിച്ച 'കാരുണ്യത്തിന്റെ കരസ്പർശം' എന്ന ഓർമ്മക്കുറിപ്പ് ഹൃദ്യമായി. സമൂഹത്തിന്റെ താഴേതട്ടിൽ അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി ക്രിയാത്മകമായി പ്രവർത്തിക്കാൻ പ്രചോദനം പകരുന്ന 'ഓർമ്മ' വായനക്കാരുമായി പങ്കുവച്ച ഷാജഹാൻ ഐ.എ.എസിന് അഭിനന്ദനങ്ങൾ.

**എസ്. മോഹനചന്ദ്രൻ**, അന്തിക്കാട്




28
ഗ്രാമയാത്ര
സഞ്ചാരികളെ മാടി വിളിച്ച് അമ്പനാട്
നവമണി ആര്യങ്കാവ്




# കവർസ്റ്റോറി


4 വരൾച്ചാനിവാരണവും നീർത്തടാധിഷ്ഠിത മണ്ണ് – ജല സംരക്ഷണവും
എസ്. ബിജു

8 കിണറുകൾ നിറയ്ക്കാൻ ജലസുഭിക്ഷ
വിമൽ രാജ്

10 വളരുന്ന ചൂടിൽ വരളുന്ന കേരളം
പ്രശാന്ത്. സി

12 തൊണ്ടവരളുന്ന വയനാടിനായി വേറിട്ട നിർദ്ദേശങ്ങൾ
ഖാദർ പാലാഴി

14 പുനർജനി
വി. സുരേഷ്കുമാർ


'ഗ്രാമഭൂമി' ദ്വൈവാർഷിക വരിസംഖ്യ 24 രൂപ
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com




16 പൈതൃകം
അതിജീവനം തേടുന്ന ഗോത്രവർഗ്ഗ സമൂഹം
ഹൃഷികേശൻ നായർ,തട്ടാമല

18 ഗ്രാമമുദ്ര
ചരിത്രമുറങ്ങുന്ന മറയൂരിൽ ശർക്കരയുടെ മാധുര്യം
കെ.കെ.ജെ. കുമാർ





24 പദ്ധതി
ഭവന നിർമ്മാണം: ലക്ഷ്യം നേടാൻ കർമ്മപരിപാടി
എൻ.ആർ.കെ.വി

27 വികസനം
അഴിമതി രഹിത തദ്ദേശസ്വയംഭരണ വകുപ്പ് സർക്കാർ ലക്ഷ്യം
മന്ത്രി. കെ.ടി. ജലീൽ

31 സംഗമം
ദേശീയ റർബൻ മിഷൻ ശില്പശാല തിരുവനന്തപുരത്ത്
ഷിജു ഏലിയാസ്

32 മാതൃഭാഷ
മാധുര്യമേറും മാതൃഭാഷ
ജെസി നാരായണൻ





34 നൈപുണ്യം
ജീവനക്കാർക്ക് ഡോക്യുമെന്റേഷൻ പരിശീലനം
അനീഷ് തിരൂർ

22 പ്രകൃതി
ഔഷധികളുടെ അമ്മ
ഗ്രേഷ്യസ് ബെഞ്ചമിൻ





35 മാർഗ്ഗരേഖ
ഗ്രാമവികസന വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് മാർഗ്ഗ നിർദ്ദേശങ്ങൾ

36 വികസന ബ്ലോക്കുകളിലൂടെ
ആർഷയ്ക്കും ആർദ്രയ്ക്കും സ്വപ്നവീടൊരുങ്ങുന്നു
രാജീവ് . എസ്.ആർ




എസ്. ബിജു

# വരൾച്ചാനിവാരണവും നീർത്തടാധിഷ്ഠിത മണ്ണ്–ജല സംരക്ഷണവും

പ്രതിവർഷം ശരാശരി 3000 മില്ലീമീറ്റർ മഴ ലഭിക്കുന്ന നാൽപ്പത്തിനാല് നദികളുടെ നാടായ കേരളം ഓരോ വർഷം കഴിയും തോറും മരുഭൂമിയായി മാറിക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് പ്രതിവർഷം രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച ശ്രദ്ധിച്ചാൽ ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ മലയാളി ഇനിയും ഉൾക്കൊണ്ടിട്ടില്ല എന്നു വേണം കരുതാൻ. നമ്മുടെ മാറിപ്പോയ ജലഉപയോഗസംസ്കാരവും ജലസംരക്ഷണത്തിലുള്ള അലംഭാവവും ആണ് ഇതിന് പ്രധാന കാരണങ്ങൾ.

## മാറിയ ജല ഉപയോഗ രീതികൾ

മാറിമാറി വന്ന ജീവിതസാഹചര്യങ്ങൾ നമ്മുടെ ജല ഉപഭോഗത്തിലുണ്ടാക്കിയ മാറ്റങ്ങളാണ് ജലപ്രതിസന്ധിക്ക് ഒരു പ്രധാന കാരണം. കാലവർഷം നമ്മുടെ നിയന്ത്രണത്തിലല്ല എന്നിരിക്കെ, നമ്മുടെ ജല ഉപഭോഗ രീതികൾ മാറേണ്ടിയിരിക്കുന്നു. ജലത്തിന്റെ പരമമായ സ്രോതസ്സ് മഴയാണെങ്കിലും നമ്മൾ പ്രധാനമായും ആശ്രയിക്കുന്ന ജലസ്രോതസ്സ് ഭൂഗർഭജലമാണ്. സംസ്ഥാനത്തിന്റെ ജല ബജറ്റ് കണക്കിലെടുക്കുമ്പോൾ ആകെയുള്ള വരവ് മഴവെള്ളം മാത്രമാണ്. കിണറുകളിലും മറ്റു ജലാശയങ്ങളിലും നിന്ന് വിവിധാവശ്യങ്ങൾക്കായി നമ്മൾ എടുക്കുന്ന ജലം ചെലവും. മഴ വഴി ലഭിക്കുന്ന ജലം മണ്ണിൽത്തന്നെ സംഭരിക്കപ്പെട്ട് ഭൂജലത്തിലെത്തേണ്ടതിനു പകരം ചരിവുള്ള ഭൂപ്രദേശത്തുകൂടി കടലിലേക്കൊഴുകി നഷ്ടപ്പെടുന്നു. അതേ സമയം ഓരോ വർഷവും കൂടി വരുന്ന ജനസംഖ്യയും വ്യവസായങ്ങളും ജലത്തിന്റെ ഉപഭോഗം വൻതോതിൽ വർദ്ധിപ്പിക്കുകയാണ്. അങ്ങനെ ജലത്തിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം ഓരോ വർഷം കഴിയുംതോറും അതിഭീമമായ തോതിൽ ഏറി വരുന്നു. കഴിയുന്നത്ര മഴവെള്ളം ഉപയോഗിക്കുകയും, വിവിധ ജല സംരക്ഷണ മാർഗങ്ങളവലംബിച്ച് ഭൂജലത്തിലെത്തിക്കുകയും ചെയ്യുക മാത്രമാണ് ഇനിയുള്ള ഏക പോംവഴി.

മലയാളിയുടെ ശീലങ്ങളിലൊന്നായിരുന്നു മഴക്കാലത്ത് മേൽക്കൂരയിൽ നിന്നും ഒഴുകി വരുന്ന ജലം വലിയ വീപ്പകളിലും പാത്രങ്ങളിലും മറ്റും ശേഖരിച്ചു വയ്ക്കുക എന്നത്. ഈ ജലം പലവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്തിരുന്നു. മുമ്പൊക്കെ തൊടിയിലെ കിണറുകളിൽ നിന്നും കുളങ്ങളിൽ നിന്നും ജലം കോരിയെടുക്കുന്ന ശീലമായിരുന്നു മലയാളിക്ക്. കഷ്ടപ്പെട്ട് കോരിയെടുക്കുന്ന വെള്ളം നമ്മൾ സൂക്ഷിച്ച് ഉപയോഗിച്ചിരുന്നു. മഴസമയത്ത് സംഭരിച്ച വെള്ളം, വെള്ളം കോരുന്നതിന്റെ ബുദ്ധിമുട്ടുകൾ കുറച്ചിരുന്നു. എന്നാൽ ഇപ്പോൾ മലയാളികൾ കിണറ്റിൽ നിന്ന് വെള്ളം കോരാറില്ല. ടാപ്പ് തുറന്നാൽ സുലഭമായി ലഭിക്കുന്ന വെള്ളം ധാരാളമായി ചെലവാക്കുന്നതിന് നമുക്ക് മടിയില്ലാതായി. നമ്മുടെ കുട്ടികളുൾപ്പെടെ എല്ലാവർക്കും ഓരോ തുള്ളി ജലത്തിന്റെയും മൂല്യം മനസ്സിലാക്കി കൊടുക്കുന്നതിന് ജലസാക്ഷരത സ്കൂൾതലം മുതലേ നിർബന്ധമാക്കേണ്ടിയിരിക്കുന്നു.



## ജലസംഭരണത്തിന്റെ ആവശ്യകത

അപകടകരമാം വിധത്തിൽ താഴ്ന്നുകൊണ്ടിരിക്കുന്ന ഭൂജലനിരപ്പും നീരൊഴുക്കില്ലാത്ത നദികളും വറ്റിവരണ്ട ജലാശയങ്ങളും ജലസംരക്ഷണ മേഖലയിൽ നാം കാട്ടുന്ന അലംഭാവത്തിന്റെ അടയാളങ്ങളാണ്. വർഷംതോറും 120 മുതൽ 130 വരെ ദിവസങ്ങളിൽ നമുക്ക് സാമാന്യം നല്ല മഴ കിട്ടുന്നുണ്ട്. ഈ വെള്ളം മഴയില്ലാത്ത ദിവസങ്ങളിലേക്ക് കരുതി വച്ചാൽ മാത്രമേ തുടർന്നു വരുന്ന വറുതിക്കാലത്തെ അഭിമുഖീകരിക്കുവാൻ സാധിക്കൂ. വെള്ളത്തെ പിടിച്ചു വയ്ക്കാൻ ഏറ്റവും അനുയോജ്യമായ പാത്രം മണ്ണാണ്. ഓരോ പ്രദേശത്തിനും യോജിച്ച ജലസംരക്ഷണ മാർഗങ്ങൾ അവലംബിച്ചാൽ വിലയേറിയ പ്രകൃതി വിഭവങ്ങളായ മണ്ണും ജലവും നമുക്ക് സംരക്ഷിക്കാം.

## നീർത്തടാധിഷ്ഠിത പ്രകൃതി വിഭവ സംരക്ഷണം

വരൾച്ചയെ പ്രതിരോധിക്കാനുള്ള ഒരേയൊരു മാർഗം മഴവെള്ളം മണ്ണിൽ സംഭരിച്ച് ഭൂജലത്തിലേക്ക് ഇറക്കുക എന്നതുമാത്രമാണ്. പ്രായോഗിക തലത്തിൽ നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണം വഴി മാത്രമേ ഇത് സാധ്യമാകൂ. നമ്മുടെ പറമ്പിലും മുറ്റത്തും പെയ്യുന്ന മഴ ചെലവുകുറഞ്ഞ മാർഗ്ഗങ്ങളുപയോഗിച്ച് നമുക്ക് സംഭരിക്കാം. പ്രദേശത്തിന്റെ ചരിവിനും മണ്ണിന്റെ പ്രത്യേകതകൾക്കും യോജിച്ച ശാസ്ത്രീയമായ മാർഗങ്ങൾ അവലംബിക്കാം.

മണ്ണും ജലവും ജൈവസമ്പത്തും ചേർന്ന പ്രകൃതി വിഭവത്രയത്തിന്റെ വികസനമാണ് ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ആവശ്യം. ഇവയുടെ ശാസ്ത്രീയമായ പരിപാലനത്തിന്റെ അടിസ്ഥാന ഘടകം നീർത്തടമാണ്. ഉപരിതല ജലപ്രവാഹത്തിന്റെ ദിശയുടെയും ഭൂമിയുടെ ചരിവിന്റെയും അടിസ്ഥാനത്തിൽ പ്രകൃത്യാ വേർതിരിക്കപ്പെട്ട ഒരു ഭൂപ്രദേശമാണ് നീർത്തടം. പൊതുവായ നീരൊഴുക്കുള്ള ഒരു പ്രദേശമാണ് നീർത്തടം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. മഴവെള്ളം ഒട്ടും നഷ്ടപ്പെടുത്താതെ മണ്ണിൽ പിടിച്ചു വയ്ക്കാൻ നീർത്തടാധിഷ്ഠിത മണ്ണ്-ജലസംരക്ഷണം മാത്രമാണു പോംവഴി.

## കയ്യാലകൾ

ചരിവിനു കുറുകെ തട്ടുകളായി നിർമിക്കുന്ന കയ്യാലകൾ മഴവെള്ളം സംഭരിക്കുന്നതിനും മണ്ണൊലിപ്പു തടയുന്നതിനും ഉത്തമമാണ്. ചരിവ് കുറഞ്ഞ പ്രദേശങ്ങളിൽ മൺകയ്യാലകൾ ഫലപ്രദമാണ്. ഇതിന് മുകളിൽ തീറ്റപ്പുല്ലുകൾ വച്ചു പിടിപ്പിച്ചാൽ കയ്യാലകൾക്ക് ആയുസ്സു കൂടും. കാട്ടുകല്ലുകൾ ലഭ്യമായ ഇടങ്ങളിൽ കല്ലുകളുപയോഗിച്ചു കയ്യാലകളുടെ പുറംഭാഗം ബലപ്പെടുത്താം. നിലവിൽ പഴയ കയ്യാലകളുള്ള പറമ്പുകളിൽ കാലവർഷം ആരംഭിക്കുന്നതിനു മുമ്പായി കൂടി ഇവയുടെ മീതെ മുകളിൽ നിന്ന് മണ്ണ് കോരി ഇട്ട് ബലപ്പെടുത്തണം. ചരിവുള്ള പറമ്പിൽ നിന്ന് വീണ് താഴേക്ക് ഒഴുകുന്ന മഴവെള്ളം ഈ കയ്യാലകൾക്ക് മീതെ തടഞ്ഞു നിന്ന് സാവകാശം മണ്ണിലേക്ക്കിനിഞ്ഞിറങ്ങുന്നു.

## പുൽവരമ്പുകൾ

അധികം ചരിവില്ലാത്ത പ്രദേശങ്ങളിൽ ഇടവിട്ട് ഒരടി പൊക്കത്തിൽ ചെറിയ മൺതിട്ടുകൾ ഉണ്ടാക്കി അതിനുമീതെ പുൽവർഗ്ഗങ്ങൾ വച്ചുപിടിപ്പിക്കുക. ഇത് ഒഴുകിപ്പോകുന്ന മണ്ണിനേയും ജലത്തേയും തടഞ്ഞു നിർത്തും. ദീർഘകാലത്തേക്ക് ഇത് പ്രയോജനകരമാണ്. രാമച്ചവും കൈതയും ഇതിനുപയോഗിക്കാം.

## മഴക്കുഴികൾ

ഏതു ചരിവിലും കൃഷികൾക്കിടയിലും യോജ്യമായ വലിപ്പത്തിൽ കുഴികൾ നിർമ്മിച്ച് സാധ്യമാകുന്നത്ര മഴവെള്ളം ശേഖരിക്കാം. കൃഷികൾക്കിടക്ക് ചെറിയ കുഴികൾ മതിയാവും. ഒട്ടും വെള്ളം പാഴാകാത്ത രീതിയിൽ നീളത്തിലുള്ള കിടങ്ങുകളോ ഇടവിട്ട് വരികളിൽ ചെറിയ കുഴികളോ നിർമ്മിക്കാം.

പറമ്പിന്റെ മുകൾഭാഗത്ത് നിന്നോ പുറപ്പുറത്ത് നിന്നോ കൂടുതലായി ഒഴുകി വരുന്ന വെള്ളം സംഭരിക്കാൻ അല്പം വലിയ കുഴികളാണ് നല്ലത്. കുഴിക്ക് മുകളിലായി തിട്ടകൾ പിടിപ്പിച്ച് തീറ്റപ്പുല്ല്, കൈത, രാമച്ചം















**2016 ഒക്ടോബറിലെ മഴക്കുറവ്**

| ജില്ല | ലഭിച്ച മഴ (മി.മീ) | പ്രതീക്ഷിച്ച മഴ(മി.മീ) | വ്യതിയാനം |
|---|---|---|---|
| ആലപ്പുഴ | 102.1 | 280.5 | –64 |
| കണ്ണൂർ | 42.9 | 195.7 | –78 |
| എറണാകുളം | 116.1 | 249.9 | –54 |
| ഇടുക്കി | 102.4 | 301 | –66 |
| കാസർഗോഡ് | 23.4 | 200.3 | –88 |
| കൊല്ലം | 139 | 302.2 | –54 |
| കോട്ടയം | 113.8 | 267.7 | –57 |
| കോഴിക്കോട് | 30.7 | 220 | –86 |
| മലപ്പുറം | 69.2 | 246.9 | –72 |
| പാലക്കാട് | 49.4 | 219.8 | –78 |
| പത്തനംതിട്ട | 163 | 303.9 | –46 |
| തിരുവനന്തപുരം | 32.3 | 229.7 | –86 |
| തൃശൂർ | 54.1 | 250 | –78 |
| വയനാട് | 48.4 | 185 | –74 |

എന്നിവ നടാം. ജലം കുഴികളിലേക്ക് എത്തുന്നതിനും അധികജലം പുറത്തേക്ക് ഒഴുകുന്നതിനും ചാലുകൾ നിർമ്മിക്കേണ്ടതാണ്. നേരത്തേ കുഴികളെടുത്തിട്ടുള്ള പറമ്പുകളിൽ മഴയ്ക്കു മുമ്പായി അവയിലെ എക്കൽ കോരി വൃത്തിയാക്കിയിടണം. ഓരോ മഴയ്ക്കും ഈ കുഴികൾ നിറയുകയും വെള്ളം മണ്ണിലേക്ക് താഴുകയും ചെയ്യും.

### മണ്ണിനുമീതെ പുതയിടുക

മണ്ണിൽ പതിക്കുന്ന വെള്ളം ബാഷ്പീകരിച്ചു പോകാതെ കൂടുതൽ കാലം നിലനിർത്തുന്നതിന് പുതയിടൽ സഹായിക്കും. കാർഷികാവശിഷ്ടങ്ങൾ മണ്ണിൽ തന്നെ കിടന്നു ദ്രവിക്കാൻ അനുവദിക്കുക. മണ്ണിൽ ജൈവാംശത്തിന്റെ അളവ് കൂടും. ജൈവാംശം കൂടിയ മണ്ണിനു കൂടുതൽ ജലം ആഗിരണം ചെയ്യാൻ കഴിയും. മണലിന്റെ ഘടകം കൂടുതലുള്ള പ്രദേശങ്ങളിൽ ഈ മാർഗം വളരെ ഫലപ്രദമാണ്. പ്രകൃതിക്ക് ദോഷം ചെയ്യാത്ത ഏതു പദാർത്ഥങ്ങളും മണ്ണിനു മുകളിൽ വിരിക്കാം.

### കുളങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുക

നിലവിൽ ഉപയോഗശൂന്യമായ കുളങ്ങളും കൃഷിയില്ലാത്ത പാടങ്ങളും പ്രതിവർഷം ലക്ഷക്കണക്കിനു ലിറ്റർ മഴവെള്ളമാണ് ഭൂജലത്തിലേക്ക് എത്തിക്കുന്നത്. അവയെ സംരക്ഷിക്കേണ്ടത് ജലസുരക്ഷക്ക് അത്യാവശ്യമാണ്. മണ്ണിട്ട് നികത്തിയും പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിഞ്ഞും അവയെ നശിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

### തോടുകളും ചാലുകളും സംരക്ഷിക്കുക

മഴയ്ക്ക് ശേഷം വെള്ളം ഒഴുകിപ്പോകുന്ന ചാലുകളും തോടുകളും മഴ തുടങ്ങുമ്പോൾ തന്നെ മണ്ണ് കോരി രണ്ടു വശത്തേക്കും ഇട്ട് തിട്ടകൾ ബലപ്പെടുത്തണം. രൂക്ഷമായി ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഈ ചാലുകൾക്ക് ഉള്ളിലായി ചെറിയ കുഴികൾ നിർമ്മിച്ച് കൂടുതൽ വെള്ളം മണ്ണിലേക്ക് ഇറക്കാം. പാടങ്ങളിലെ നടുത്തോടുകൾ ആഴം കൂട്ടി ആ മണ്ണുപയോഗിച്ച് വരമ്പുകൾ ബലപ്പെടുത്തണം. കൃഷിയിടങ്ങളിൽ വെള്ളം കയറി കൃഷി നാശം സംഭവിക്കുന്നത് തടയുകയും ചെയ്യാം.

### കിണർ റീചാർജ്

മഴക്കാലത്ത് നമ്മുടെ പുരപ്പുറത്ത് വീഴുന്ന വെള്ളം മാത്രം ശേഖരിച്ചാൽ ഫലപ്രദമായി വരൾച്ചയെ പ്രതിരോധിക്കാൻ കഴിയും. ഈ ജലം മേൽക്കൂരയുടെ വശത്ത് പിടിപ്പിച്ച പാത്തികളിലൂടെ ഫിൽറ്റർ വഴി അരിച്ച് കിണറ്റിലേക്ക് ഇറക്കാം. ഇഷ്ടിക കൊണ്ട് നിർമ്മിച്ച കുഴിയിൽ ചരൽ, മണൽ, കരി എന്നിവ നിറച്ച് ഫിൽറ്റർ ഉണ്ടാക്കാം. അതല്ലെങ്കിൽ കിണറിനു മുകളിലായി തയ്യാറാക്കിയ വലിയ കുഴിയിലേക്ക് ഇറക്കി വിടുക. ഉപയോഗശൂന്യമായതോ വരണ്ടുപോയതോ ആയ കിണറുകളിൽ ഇപ്രകാരം നിറച്ചാൽ 2-3 വർഷം കൊണ്ടു ജലമെത്തിതുടങ്ങും. ഭൂജല നിലപ്പ് ഉയരുകയും വരും വർഷങ്ങളിൽ കിണറ്റിൽ കൂടുതൽ വെള്ളം ഉണ്ടാവുകയും ചെയ്യും







## കേരളത്തിലെ ജലസ്രോതസ്സുകൾ

(ഏകദേശ സ്ഥിതിവിവര കണക്ക്)

- നദികൾ 44
- റിസർവോയർ 53
- തടയണ ജലസംഭരണികൾ 150
- കനാൽ 5400 കി.മീ
- നീരുറവ 230
- കുളങ്ങൾ 50445
- സംരംഭങ്ങൾ 1000
- ശുദ്ധജല തടാകങ്ങൾ 6
- കിണറുകൾ 60 ലക്ഷം

**ഓർമ്മിക്കുക, ഭൂജലം ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പോലെയാണ്. അതിലേക്കു കൊടുക്കുന്നത് മാത്രമേ തിരികെ പിൻവലിച്ച് ഉപയോഗിക്കാനാകൂ.**

### മരങ്ങൾ വച്ചുപിടിപ്പിക്കുക

സാദ്ധ്യമാകുന്നിടത്തൊക്കെ വൃക്ഷങ്ങളും ചെടികളും നട്ടുവളർത്തുക. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ വൃക്ഷങ്ങൾ മുറിച്ചു മാറ്റേണ്ടി വന്നാൽ പകരം മരങ്ങൾ വച്ച് പരിപാലിക്കുക. നഷ്ടപ്പെട്ടുപോകാനിടയുള്ള ഔഷധ സസ്യങ്ങളെയും വിത്തിനങ്ങളെയും സംരക്ഷിച്ചു വളർത്തുക. മഴ ലഭിക്കുന്നതോടെ ചെടികളും വിത്തുകളും നടാവുന്നതാണ്. അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്ന വാഹനപുകയും മറ്റു വിഷവാതകങ്ങളും ആഗിരണം ചെയ്ത് പകരം തണലും തണുപ്പും ശുദ്ധവായുവും നൽകാൻ കഴിയുന്നത് മരങ്ങൾക്ക് മാത്രമാണ്. ആഗോളതാപനം ചെറുക്കാൻ വൃക്ഷങ്ങൾ മാത്രമാണ് പോംവഴി.

### ജൈവകൃഷി - മണ്ണിന്റെയും മനുഷ്യന്റേയും ആരോഗ്യത്തിന്

മണ്ണിന്റെ ഘടനയും ഗുണങ്ങളും, മനുഷ്യന്റെ ആരോഗ്യവും നശിപ്പിച്ചതിൽ രാസവസ്തുക്കൾക്ക് വലിയ പങ്കുണ്ട്. ഇവയുടെ ഭാവിയിലേക്കുള്ള കരുതലാണ് ജൈവകൃഷി. ഗാർഹിക അവശിഷ്ടങ്ങൾ വലിച്ചെറിഞ്ഞ് മണ്ണിനെ മലിനമാക്കാതെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്. ഇവയെ കമ്പോസ്റ്റോ ബയോഗ്യാസോ ആക്കി മാറ്റിയാൽ ജൈവവളവും ഇന്ധനവുമായി ഉപയോഗിക്കാം. ഇത് കുതിച്ചുയരുന്ന ഇന്ധനവില വർദ്ധനയിൽ നിന്നും ആശ്വാസമേകും. ജൈവകൃഷികൾ അവലംബിച്ചാൽ മണ്ണിന്റെ ഘടനയും ആരോഗ്യവും മെച്ചപ്പെടുന്നതിനോടൊപ്പം ഭൂജലത്തിന്റെ മേന്മയും മെച്ചപ്പെടും.

അശാസ്ത്രീയമായ ഭൂവിനിയോഗം മണ്ണിന്റെ ജലാഗിരണശേഷിയെ കുറച്ച് ഭൂഗർഭത്തിലെത്തുന്ന ജലത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നു. ജലാശയങ്ങളും വയലേലകളും നികത്തി നശിപ്പിക്കപ്പെടുന്നതും മണ്ണിന്റെ ജൈവാംശം കുറയുന്നതും വനങ്ങൾ ഇല്ലാതാകുന്നതും കുന്നുകൾ നിരത്തപ്പെടുന്നതുമെല്ലാം മണ്ണിലേക്ക് കിനിയുന്ന ജലത്തിന്റെ അളവ് കുറയ്ക്കുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ അവലംബിക്കുകയും വേണം. അശാസ്ത്രീയമായ ഭൂവിനിയോഗം തടയാൻ കർശനമായ നിയമ നിർമ്മാണവും പാലനവും ആവശ്യമാണ്.

ഭൂജലനിരപ്പ് താഴുന്നതിനനുസരിച്ച് കുഴൽക്കിണറുകളും മറ്റും ഉപയോഗിച്ച് ഭൂജലത്തെ അമിതമായി ചൂഷണം ചെയ്യുന്നത് പൂർണമായും ഒഴിവാക്കണം. പകരം കൂടുതൽ ജലം മണ്ണിലേക്ക് ഇറക്കി ജലനിരപ്പ് ഉയർത്തുക. ഓർമ്മിക്കുക, ഭൂജലം ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പോലെയാണ്. അതിലേക്കു കൊടുക്കുന്നത് മാത്രമേ തിരികെ പിൻവലിച്ച് ഉപയോഗിക്കാനാകൂ. ഭൂജലശോഷണം കേരളത്തിന്റെ ഹരിതാഭയുടെ നാശമാണ്. മരുഭൂവൽക്കരണത്തിലേക്കുള്ള പ്രയാണവും.●

*ചടയമംഗലത്തെ സംസ്ഥാന നീർത്തട വികസന പരിപാലനകേന്ദ്രം (IWDM-K) ഡെപ്യൂട്ടി ഡയറക്ടറാണു ലേഖകൻ. ഫോൺ നം. 9447042147*

കവർസ്റ്റോറി

വിമൽ രാജ്



# കിണറുകൾ നിറയ്ക്കാൻ ജലസുഭിക്ഷ

അനവധി നദികളും നിരവധി കായലുകളും തടാകങ്ങളും കുളങ്ങളും കൊച്ചു തോടുകളും അറുപതു ലക്ഷത്തോളം കിണറുകളുമൊക്കെയായി ജലസമൃദ്ധിക്കു കേൾവി കേട്ട കേരളം ഇന്ന് കൊടും വരൾച്ചയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. വർഷത്തിൽ ശരാശരി 3000 മി.മീ മഴ ലഭിക്കുന്നുണ്ടെങ്കിലും ഓരോ വർഷം കഴിയുന്തോറും സംസ്ഥാനം കടുത്ത വരൾച്ചയെയാണ് അഭിമുഖീകരിക്കുന്നത്. ലഭിക്കുന്ന മഴ ജലസുരക്ഷയ്ക്കായി നാം ഇനിയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്തെ കിണറുകളിൽ നല്ലൊരു ശതമാനവും കുടിവെള്ളത്തിനുൾപ്പെടെ ഉപയോഗിക്കുന്നതും വേനൽക്കാലങ്ങളിൽ വറ്റുന്നവയുമാണ്. എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുന്നതിനായി മഴവെള്ളത്തിന്റെ സഹായത്താൽ കുടിവെള്ളത്തിനുൾപ്പെടെയുള്ള വിവിധ ജലാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ജലസമൃദ്ധവും ജലശുദ്ധിയുമുള്ളതുമാക്കി സംസ്ഥാനത്തെ കിണറുകളെ സജ്ജമാക്കുകയാണ് ജലസുരക്ഷയുടെ ആദ്യഘട്ടം. ഇതിനായി സംസ്ഥാനത്ത് രൂപം നൽകിയിട്ടുള്ള പദ്ധതിയാണ് ജലസുഭിക്ഷ - സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി. സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജു ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കെട്ടിടങ്ങളുടെ മേൽക്കൂരകളും പുരപ്പുറങ്ങളും മഴവെള്ള സംഭരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദാന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് അവിദഗ്ധ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് പ്രാധാന്യം കൊടുക്കുക വഴി തൊഴിൽ സുരക്ഷ കൂടി ഉറപ്പാക്കി കിണർ റീചാർജ്ജ് പദ്ധതി നടപ്പാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2008 മുതൽ തൃശ്ശൂർ ജില്ലയിൽ കിണർ റീച്ചാർജ്ജ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്ന മഴപ്പൊലിമ പദ്ധതിയുടെയും 2012-13 സാമ്പത്തിക വർഷം മുതൽ പത്തനംതിട്ട ജില്ലയിലെ കോന്നി ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന വിവിധ കിണർ റീചാർജ്ജ് പ്രവൃത്തികളെയും മാതൃകയാക്കിയാണ് പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിദഗ്ധ തൊഴിൽ ചെയ്യുന്നതിനായി മുൻ സാമ്പത്തികവർഷം കുറഞ്ഞത് 15 ദിവസമെങ്കിലും തൊഴിലെടുത്തിട്ടുള്ള കുടുംബങ്ങളിൽ നിന്ന് തൊഴിലാളികളെ കണ്ടെത്തി ഇതിനായി പരിശീലിപ്പിക്കുന്നു.

**വറ്റുന്ന കിണറുകൾ കണ്ടെത്തി ആദ്യ ഘട്ട റീചാർജ്ജ് പ്രവർത്തനങ്ങൾ ഏറ്റെടുക്കും. ഇതിനായി ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ കിണറുകളുടെ സർവ്വേയും മാപ്പിംഗും നടത്തും. കിണറുകൾക്ക് സീരിയൽ നമ്പർ കൊടുത്ത് ഓരോ കിണറിനും അനുയോജ്യമായ റീചാർജ്ജിംഗ് സങ്കേതം കണ്ടെത്തുകയും അവ രേഖപ്പെടുത്തുകയും ചെയ്യും.**

## പദ്ധതി ഒറ്റനോട്ടത്തിൽ

സംസ്ഥാനത്തെ കടുത്ത ജലക്ഷാമം അനുഭവിക്കുന്നവയും ഏറ്റവും അധികം ജലചൂഷണം ഉള്ളവയുമായ 142 ഗ്രാമപഞ്ചായത്തുകളിൽ ആദ്യ ഘട്ടത്തിൽ കിണർ റീച്ചാർജ്ജ് പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

ജലസുരക്ഷ ചർച്ച ചെയ്യുന്നതിനായി 142 ഗ്രാമപഞ്ചായത്തുകളിൽ ജലഗ്രാമസഭകൾ ഒരു ദിവസം തന്നെ നടത്തും. തദവസരത്തിൽ ജലസുരക്ഷാ പ്രതിജ്ഞ എടുക്കുകയും ചെയ്യും.

വറ്റുന്ന കിണറുകൾ കണ്ടെത്തി ആദ്യ ഘട്ട റീചാർജ്ജ് പ്രവർത്തനങ്ങൾ ഏറ്റെടുക്കും. ഇതിനായി ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ കിണറുകളുടെ സർവ്വേയും മാപ്പിംഗും നടത്തും. കിണറുകൾക്ക് സീരിയൽ നമ്പർ കൊടുത്ത് ഓരോ കിണറിനും അനുയോജ്യമായ റീചാർജ്ജിംഗ് സങ്കേതം കണ്ടെത്തുകയും അവ രേഖപ്പെടുത്തുകയും ചെയ്യും.

ജനപ്രതിനിധികൾ, പരിശീലകർ, എഞ്ചിനീയർമാർ, സർവ്വേ ടീം അംഗങ്ങൾ, തൊഴിലാളികൾ എന്നിവർക്കുള്ള പരിശീലനം ഘട്ടം ഘട്ടമായി നടപ്പാക്കും.

കിണർ റീചാർജ്ജിനു വേണ്ടിയുള്ള സാധന സാമഗ്രികൾ തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യമായ പ്രൊക്യൂവർമെന്റ് സംവിധാനത്തിലൂടെ വാങ്ങുകയും ഗ്രാമപഞ്ചായത്തിൽ ഒരിടത്ത് സൂക്ഷിച്ച്, ഓരോ കിണറിനും ആവശ്യമായ അളവിൽ തയ്യാറാക്കിയതിനു ശേഷം അതാത് സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുകയും ചെയ്യും. സാധന-വേതന അനുപാതം നിലനിർത്തുന്നതിനായി അവിദഗ്ധ തൊഴിൽകേന്ദ്രീകൃതമായിട്ടുള്ള മഴക്കുഴികൾ, സെഡിമെന്റേഷൻ പോണ്ടുകൾ ലളിതമായ ഫിൽറ്ററേഷൻ പിറ്റുകൾ എന്നിവയും ഇതോടൊപ്പം ഏറ്റെടുക്കാവുന്നതാണ്.

8000/- രൂപയാണ് മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടിൽ നിന്നും ഒരു യൂണിറ്റിന് ഉപയോഗിക്കാവുന്ന പരമാവധി തുക. അതിലധികം തുക വേണ്ടി വരുന്ന പക്ഷം ഗുണഭോക്തൃ വിഹിതമായി കണ്ടെത്താവുന്നതാണ്. ഫിൽറ്ററേഷൻ സംവിധാനത്തിൽ ഉപയോഗിക്കാനുള്ള മണൽ, കരി തുടങ്ങിയ അസംസ്കൃത വസ്തുക്കളും കൂടുതൽ സങ്കീർണ്ണമായ ഫിൽറ്ററേഷൻ ടാങ്കുകൾ വേണമെങ്കിൽ അവയും ഇത്തരത്തിൽ ഗുണഭോക്തൃ വിഹിതമായി കണ്ടെത്താവുന്നതാണ്.

സർക്കാർ പദ്ധതികൾക്ക് പുറമെ സ്വന്തമായി കിണർ റീചാർജ്ജ് ചെയ്യുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കേണ്ടതാണ്. സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസ്ബിലിറ്റി (സി.എസ്.ആർ.), സ്പോൺസറിംഗ് തുടങ്ങിയവയുടെ സാധ്യതകളിലൂടെയും കിണർ റീചാർജ്ജ് പരിപാടി വിപുലമായി നടത്തുവാൻ സാധിക്കുന്നതാണ്.

സംയോജിത നീർത്തട പരിപാലന പരിപാടി, ജലനിധി, മറ്റ് നീർത്തട പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റുകൾ എന്നിവയുമായി സംയോജിപ്പിച്ചും കിണർ റീചാർജ്ജ് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

മേൽ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 09.11.2016 തീയതിയിലെ സ. ഉ. (കൈ) നം. 161/16/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

142 ഗ്രാമപഞ്ചായത്തുകൾക്ക് പുറമേ സംസ്ഥാനത്ത് ഗുരുതരമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവയും ജലത്തിന്റെ ഗുണനിലവാരം അപകടകരമാം വിധം മോശമാവുകയും കഴിഞ്ഞ വർഷങ്ങളിൽ ടാങ്കർ ലോറി ഉപയോഗിച്ച് ഏറ്റവുമധികം ജലം എത്തിക്കേണ്ടി വന്നവയുമായ 100 ഗ്രാമപഞ്ചായത്തുകളിൽ കൂടി രണ്ടാം ഘട്ടമായി പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷം കൊണ്ട് സമ്പൂർണ്ണ കിണർ റീചാർജ്ജ് പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.●

*ലേഖകന്റെ ഫോൺ നം. 9961691636*



കവർസ്റ്റോറി

പ്രശാന്ത്. സി



# വളരുന്ന ചൂടിൽ വരളുന്ന കേരളം

പ്രകൃതിയുടെ വരദാനങ്ങളാണ് വായുവും ജലവും മണ്ണും. വായു വില നൽകി വാങ്ങേണ്ട അവസ്ഥയിൽ നാം ഇതുവരെ എത്തിയിട്ടില്ലെങ്കിലും ജലത്തിന്റെയും മണ്ണിന്റെയും വില അനുദിനം വർദ്ധിക്കുകയാണ്. വെള്ളത്തിന്റെ ഒരേ ഒരു സ്രോതസ്സ് മഴയാണ്. പ്രതിവർഷം ശരാശരി മൂവായിരം മില്ലി മീറ്റർ മഴ ലഭിക്കുന്നതുകൊണ്ട് നദികൾ, കായലുകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയാൽ സമൃദ്ധവും സുന്ദരവുമാണ് കേരളം. വരൾച്ചയിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നുമൊക്കെ ഈ പ്രദേശത്തെ രക്ഷിക്കുന്നത് ഇവിടുത്തെ നിത്യഹരിത വനങ്ങളും സസ്യാവരണവും തണ്ണീർത്തടങ്ങളും ചേർന്ന ഭൂപ്രകൃതിയാണ്. എന്നാൽ, പല കാരണങ്ങളാൽ ഈ സ്ഥിതിക്ക് മാറ്റങ്ങളുണ്ടാകുന്നു. ആസൂത്രണമില്ലാത്തതും അശാസ്ത്രീയവുമായ ഭൂവിനിയോഗവും നഗരവൽക്കരണവും ഉപഭോഗ സംസ്കാരവും ജീവിതശൈലി മാറ്റങ്ങളും കാലാവസ്ഥാവ്യതിയാനവുമൊക്കെ ഇതിന് കാരണങ്ങളാണ്. കാലാവസ്ഥാ മാറ്റത്തിന്റെ തീവ്രാഘാതമുണ്ടാകുന്നത് ജനസാന്ദ്രതയും ദാരിദ്ര്യവും കൂടുതലുള്ള തെക്കു കിഴക്കൻ ഏഷ്യയിലായിരിക്കുമെന്ന് ശാസ്ത്രജ്ഞൻമാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.


കാലങ്ങളായി അന്തരീക്ഷത്തിലുണ്ടാകുന്ന പരിവർത്തനങ്ങളാണ് കാലാവസ്ഥാവ്യതിയാനത്തിന്റെ അടിസ്ഥാനം. പ്രകൃത്യാലുള്ള കാരണങ്ങളാലോ മനുഷ്യ ഇടപെടലുകൾ കൊണ്ടോ കാലാവസ്ഥാ വ്യതിയാനം സംഭവിക്കാം. അഗ്നിപർവ്വത സ്ഫോടനം, സൗരോർജ്ജത്തിലുണ്ടായ മാറ്റം മുതലായവയാണ് 1700 കളിൽ സംഭവിച്ച കാലാവസ്ഥാ വ്യതിയാനത്തിനു കാരണമായതെങ്കിൽ മനുഷ്യന്റെ ഇടപെടലിന്റെ ഫലമായുണ്ടായ ആഗോളതാപനമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലേതിനു കാരണമായത്. കഴിഞ്ഞ നൂറ്റാണ്ടിലെ ശരാശരി ഭൗമതാപനിലയിൽ 0.74 ഡിഗ്രി സെൽഷ്യസ് വർദ്ധനവാണ് കാണപ്പെട്ടത്.

ആഗോളതാപനവും അതിന്റെ പ്രത്യാഘാതങ്ങളും ഗഹനമായ വിഷയമാണ്. വ്യവസായ വിപ്ലവാനന്തരം ലോകമാകെയുണ്ടായ മാറ്റങ്ങളുടേയും വളർച്ചയുടേയും ഫലമായി ഹരിതഗൃഹവാതകങ്ങളായ കാർബൺഡൈയോക്സൈഡ് ($CO_2$), മീഥെെൻ ($CH_4$), നൈട്രസ് ഓക്സൈഡ് ($N_2O$) ക്ലോറോഫ്ളൂറോ കാർബൺ (CFC) മുതലായവയുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു. ഭൂമിക്കുചുറ്റും ചൂടു തരംഗങ്ങളെ ഹരിതഗൃഹവാതകങ്ങൾ പിടിച്ചു നിർത്തിയിരിക്കുന്നതു കൊണ്ട് അന്തരീക്ഷ ഊഷ്മാവ് ക്രമേണ ഉയർന്നുകൊണ്ടിരിക്കുന്നു. 2075 ആകുമ്പോഴേക്കും കേരളത്തിലെ അന്തരീക്ഷ താപനിലയിൽ 1.5 മുതൽ 2.0 ഡിഗ്രി സെൽഷ്യസ് വർദ്ധനയുണ്ടാകുമെന്നാണ് ശാസ്ത്രജ്ഞൻമാർ പ്രവചിച്ചിട്ടുള്ളത്.

കേരളത്തിലെ ശരാശരി മഴലഭ്യത സമീപകാലത്തായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാലവർഷ മഴയിൽ കൊല്ലം തോറും ശരാശരി 2.42 മില്ലിമീറ്റർ എന്ന തോതിലും, തുലാവർഷ മഴയില ശരാശരി 1.68 മില്ലീമീറ്റർ എന്ന തോതിലും വേനൽ മഴയിൽ 0.8 മില്ലിമീറ്റർ എന്ന തോതിലും കുറവുവന്നതായി ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. കാര്യമായ വ്യതിയാനം സംഭവിച്ചത് വയനാട്, കാസർഗോഡ്, പാലക്കാട് ജില്ലകളിലാണ്. കഴിഞ്ഞ അമ്പതു വർഷം കൊണ്ട് 0.6 ഡിഗ്രി സെൽഷ്യസിന്റെ വർദ്ധനവാണ് കേരളത്തിലെ ശരാശരി അന്തരീക്ഷ താപനിലയിൽ സംഭവിച്ചത്. യഥാക്രമം 0.8, 0.2 ഡിഗ്രി സെൽഷ്യസ് എന്ന തോതിൽ ഓരോ ദിവസത്തെയും ശരാശരി കൂടിയ താപനിലയിലും കുറഞ്ഞ താപനിലയിലും വർദ്ധനവു വന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. തത്ഫലമായി ഉപരിതല മണ്ണിന്റെ താപനില ഉയർന്ന് ബാഷ്പീകരണവും സസ്യസ്വേദനവും ദ്രുതഗതിയിലാവുകയും ഭൂഗർഭജലം വറ്റുന്നതിന് ആക്കം കൂടുകയും ചെയ്യുന്നു. അന്തരീക്ഷ ഊഷ്മാവിനേക്കാൾ 8–10 ഡിഗ്രി സെൽഷ്യസ് കൂടിയ താപനിലയാണ് വേനൽക്കാലത്ത് ഉപരിതല മണ്ണിൽ ഉണ്ടാകുന്നത്. അന്തരീക്ഷ താപനിലയിൽ ക്രമാതീത വർദ്ധനവ് രേഖപ്പെടുത്തിയത് കണ്ണൂർ, കോഴിക്കോട്, പാലക്കാട് ജില്ലകളിലാണ്. വേനൽക്കാല താപനിലയും മഴക്കാല താപനിലയും പ്രതിവർഷം യഥാക്രമം ശരാശരി 0.01 ഡിഗ്രി സെൽഷ്യസ് എന്ന തോതിലും 0.02 ഡിഗ്രി സെൽഷ്യസ് എന്ന തോതിലും വർദ്ധിക്കുന്നു. മഴക്കാലത്തെ ഇടവേളകളിൽ മണ്ണ് ഉണങ്ങുന്നതിനും ഭൂഗർഭജല പരിപോഷണം കുറയുന്നതിനും ഇത് കാരണമാകുന്നു.

കാലാവസ്ഥാവ്യതിയാനവും ജലഗുണനിലവാരവും തമ്മിൽ പരസ്പര ബന്ധമുണ്ട്. താപനിലയിലുണ്ടാകുന്ന 3 ഡിഗ്രി സെൽഷ്യസ് വർദ്ധന ജലത്തിൽ ലയിച്ചു ചേർന്നിട്ടുള്ള ഓക്സിജന്റെ പത്തു ശതമാനം കുറവിന് ഇടയാക്കുന്നു. നദികളിലെ താപനില വ്യതിയാനം, ജൈവസമ്പത്തിലും ജൈവ വൈവിധ്യത്തിലും ഉത്പാദനത്തിലും മാറ്റങ്ങളുണ്ടാക്കുകയും നദികളുടെ അടിത്തട്ടിലെ പോഷകഗുണങ്ങൾ നഷ്ടപ്പെടുന്നതിനും ഓക്സിജന്റെ അളവ് ഗണ്യമായി കുറയുന്നതിനും കാരണമാകുകയും ചെയ്യുന്നു.

കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന ജലവുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങളുടെ വ്യാപ്തി വളരെ വലുതാണ്. ജീവന്റെ നിലനിൽപ്പിന്റെ ആധാരമായ ജലത്തിന്റെ ചംക്രമണത്തെ നിയന്ത്രിക്കുന്ന താപനിലയെ അന്തരീക്ഷ ഊഷ്മാവിലെ വർദ്ധനവ് സ്വാധീനിക്കുകയും ഇതിന്റെ ഫലമായി പ്രകൃതിയിലെ ജലചംക്രമണ പ്രതിഭാസത്തെ ഇത് ത്വരിതഗതിയിൽ ബാധിക്കുകയും ചെയ്യും. അതുകൊണ്ട് കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ജലവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലുമുണ്ടാകും. മുൻകരുതലുകൾ സ്വീകരിച്ച് കൊണ്ട് പ്രതികൂല സാഹചര്യങ്ങളെ ചെറുക്കാനുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുകയാണ് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുവാൻ അടിയന്തിരമായി ചെയ്യേണ്ടത്. കൂടാതെ, ജലസുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് സമൂഹത്തിൽ സമ്പൂർണ്ണ അവബോധം സൃഷ്ടിക്കേണ്ടതും അത്യാവശ്യമാണ്.●



## ഭൂമിക്ക് കുളിരേകാൻ കിഗാലി ഉടമ്പടി

ആഫ്രിക്കൻ രാജ്യമായ റുവാണ്ടയുടെ തലസ്ഥാനമായ കിഗാലിയിൽ 2016 ഒക്ടോബർ-18 നു ഇന്ത്യയും അമേരിക്കയും ചൈനയുമടക്കം ഇരുന്നൂറോളം രാജ്യങ്ങൾ ഒപ്പുവച്ച ഉടമ്പടി ഭൂമിയുടെ രക്ഷയ്ക്കു വേണ്ടിയുള്ള പുതിയൊരു ചുവടുവെയ്പായിരുന്നു. കാലാവസ്ഥാവ്യതിയാനത്തിനു കാരണമാകുന്ന, കാർബൺഡയോക്സൈഡിനെക്കാൾ ആയിരക്കണക്കിനു മടങ്ങ് മലിനീകരണമുണ്ടാക്കുന്ന, ഹരിത ഗൃഹവാതകങ്ങളിൽ ഏറ്റവും അപകടകാരിയായ എച്ച്.എഫ്.സിയുടെ ഉപയോഗം 2045 ആകുമ്പോഴേക്കും ആഗോളതലത്തിൽ 85% കുറയ്ക്കുകയാണ് ഉടമ്പടിയുടെ ലക്ഷ്യം. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും ഭൗമതാപനില അര ഡിഗ്രി സെൽഷ്യസ് കുറയ്ക്കാനുള്ള വഴി തേടുകയാണ് കരാർ. ലോക രാഷ്ട്രങ്ങളെ മൂന്നായി തിരിച്ചാണ് ഉപയോഗം പടിപടിയായി കുറയ്ക്കാൻ സമയ പരിധി നിശ്ചയിച്ചിട്ടുള്ളത്. ആദ്യം വികസിത രാജ്യങ്ങളും പിന്നാലെ ഇന്ത്യ അടക്കമുള്ള വികസ്വരരാജ്യങ്ങളും ഉപയോഗം കുറയ്ക്കും. ഇന്ത്യ, ഇറാൻ, ഇറാഖ്, പാക്കിസ്ഥാൻ, ഗൾഫ് രാജ്യങ്ങൾ എന്നിവയ്ക്ക് 2028 ആണ് സമയ പരിധി. വളരുന്ന വ്യവസായങ്ങൾക്ക് പൊടുന്നനെയുള്ള നിയന്ത്രണം തിരിച്ചടിയാകുമെന്ന ആശങ്കയിലാണ് ഇന്ത്യ സമയ പരിധി 2028 ആക്കി നീട്ടിയത്.

## വരൾച്ചയെ പ്രതിരോധിക്കാൻ

- കുടിവെള്ള വിതരണ പൈപ്പിൽ നിന്നും ശുദ്ധജലം പാഴായി പോകുന്നത് തടയുക.
- ഭൂഗർഭജലം അമിതമായി ഊറ്റുന്നതു നിയന്ത്രിക്കുക
- നിലവിലെ എല്ലാ കുളങ്ങളും ചെറിയ ജലസ്രോതസ്സുകളും അടിത്തട്ടിലെ ചെളിവാരി സംരക്ഷിക്കുക.
- നദികൾക്കും മറ്റു നീർചാലുകൾക്കും കുറുകെ തടയണകളും അടിയണകളും നിർമ്മിക്കുക
- മലിനീകരണം നിയന്ത്രിച്ച് കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക
- സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ മഴവെള്ളം സംഭരിക്കുക.
- കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മഴവെള്ള സംഭരണികൾ നിർബന്ധമാക്കുക.
- വീടുകളുടെ മേൽക്കൂരയിൽ നിന്ന് പെയ്തിറങ്ങുന്ന മഴവെള്ളം ഫിൽറ്റർ ചെയ്ത് കിണറുകളിലേക്കെത്തിച്ച് ഭൂഗർഭജലം പരിപോഷിപ്പിക്കുക
- ജലസേചനത്തിനായുള്ള നൂതന മാർഗ്ഗങ്ങളായ ഡ്രിപ്, സ്പ്രിംഗ്ളർ മുതലായവ സ്ഥാപിച്ച് അമിത ഉപയോഗം കുറയ്ക്കുക.
- ശുദ്ധജലം കൂടുതൽ ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ നിയന്ത്രിക്കുക. അവയിൽ നിന്നും ഉയർന്ന വെള്ളക്കരം ഈടാക്കുക.
- വനനശീകരണത്തിനും വയൽ-തണ്ണീർത്തടങ്ങൾ നികത്തുന്നതിനും കുന്നിടിക്കുന്നതിനും നദികളിൽ നിന്നും മണൽവാരുന്നതിനും ജലമലിനീകരണത്തിനും എതിരെയുള്ള നിലവിലെ നിയമങ്ങൾ ശക്തമായി നടപ്പിലാക്കുക.
- ബോധവത്കരണത്തിലൂടെ ജലത്തിന്റെ അമിത ഉപയോഗം കുറച്ച് നൂതന ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- വരൾച്ചയുടെ സമയത്ത് ശുദ്ധജല വിതരണത്തിന് റേഷൻ സംവിധാനം ഏർപ്പെടുത്തുക.

കവർസ്റ്റോറി

ഖാദർ പാലാഴി



# തൊണ്ടവരളുന്ന വയനാടിനായി

## വേറിട്ട നിർദ്ദേശങ്ങൾ

**പ്രതിവർഷം ജില്ലയിൽ മഴയിലൂടെ ലഭിക്കുന്ന 190 ടി.എം.സി. വെള്ളത്തിൽ 19 ടി.എം.സി. സംഭരിക്കാനായാൽ വയനാടിന്റെ ജലദൗർലഭ്യം പരിഹരിക്കാനാകുമെന്നായിരുന്നു നിരീക്ഷണത്തിന്റെ കാതൽ. ഹരിതകേരളം പദ്ധതിയിൽ ജില്ലയിൽ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ച് ഈ ലക്ഷ്യം നേടാനാവുമെന്നും അഭിപ്രായമുയർന്നു.**



കടുത്ത വേനലിലും കുളിരുള്ള കാലാവസ്ഥയ്ക്ക് പേരുകേട്ട വയനാട് ജില്ല അനുദിനം വരൾച്ചയിലേക്ക് നീങ്ങുമ്പോൾ പരിഹാരമാർഗങ്ങൾ ആരായുകയാണ് മനുഷ്യരുടേയും പ്രകൃതിയുടേയും ഭാവിയിൽ ആശങ്കയുള്ളവരൊക്കെയും. മണ്ണും മനസ്സും ചുട്ടുപൊള്ളുന്ന ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാറിന്റെ ഹരിതകേരളം പദ്ധതി കേരളത്തിൽ പൊതുവെയും വയനാട്ടിൽ പ്രത്യേകമായും സർവാത്മനാ സ്വാഗതം ചെയ്യപ്പെട്ടത്. ഈ പദ്ധതിയിലൂടെ കേരളത്തെ ഹരിതാഭമാക്കാനും ജല സമ്പുഷ്ടമാക്കാനും ഓരോ വകുപ്പിനും എന്തൊക്കെ നിർദേശങ്ങൾ സമർപ്പിക്കാനാകുമെന്നറിയാൻ ഹരിതകേരളം മിഷൻ ഉപാധ്യക്ഷ ഡോ.ടി.എൻ സീമ വയനാട്ടിലെത്തി. ഇതിനായി നടത്തിയ ചർച്ചയിൽ വയനാടിനെ ഇന്നത്തെ അവസ്ഥയിലേക്ക് നയിച്ചതിന്റെ അടിസ്ഥാനകാരണങ്ങളും പരിഹാരമാർഗങ്ങളും ഇതിനകം ആരും മുന്നോട്ടുവെക്കാത്ത രീതിയിൽ ഉദ്യോഗസ്ഥർ സമർപ്പിക്കുകയുണ്ടായി.

പ്രതിവർഷം ജില്ലയിൽ മഴയിലൂടെ ലഭിക്കുന്ന 190 ടി.എം.സി. (1000 ദശലക്ഷം ഘനയടി) വെള്ളത്തിൽ 19 ടി.എം.സി. സംഭരിക്കാനായാൽ വയനാടിന്റെ ജല ദൗർലഭ്യം പരിഹരിക്കാനാകുമെന്നായിരുന്നു നിരീക്ഷണത്തിന്റെ കാതൽ. ഹരിതകേരളം പദ്ധതിയിൽ ജില്ലയിൽ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ച് ഈ ലക്ഷ്യം നേടാനാവുമെന്നും അഭിപ്രായമുയർന്നു.

ജില്ലയുടെ സൂക്ഷ്മ കാലാവസ്ഥയിൽ വന്ന മാറ്റം പൊടുന്നനെ ഉണ്ടായതല്ല. ദശകങ്ങളായി പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന കടന്നുകയറ്റങ്ങളാണ് ഈ അവസ്ഥയിലേക്ക് നയിച്ചത്. ജില്ലയുടെ വടക്കൻ അതിർത്തിയായ ബ്രഹ്മഗിരിക്കുന്ന്, വടക്കുപടിഞ്ഞാറുള്ള പേരിയ, പക്രംതളം, വാളാട്, തൊണ്ടാർമുടി, കണ്ണവം വനം, കൊട്ടിയൂർക്കുന്നിന്റെ മുകൾഭാഗം, പടിഞ്ഞാറു ഭാഗത്തുള്ള ബാണാസുര-കുറിച്യർ-പൊഴുതന മലകൾ, തെക്കു പടിഞ്ഞാറുള്ള സുഗന്ധഗിരി, പൂക്കോട്, ലക്കിടി, വൈത്തിരി, തെക്കുള്ള എളമ്പിലേരി മല, ചേമ്പ്ര, മുണ്ടക്കൈ, ചൂരൽമല, തെക്കുകിഴക്ക് അതിർത്തിയിലുള്ള വെള്ളരിമല, നീലിമല, കിഴക്ക് അതിർത്തിയിലുള്ള അമ്പുകുത്തി, തൊവരിമല എന്നിവിടങ്ങളിലുണ്ടായ വ്യാപകമായ വനനശീകരണമാണ് ജില്ലയുടെ കാലാവസ്ഥാ സവിശേഷതതന്നെ മാറ്റിക്കളഞ്ഞത്. ബ്രിട്ടീഷുകാരും തുടർന്നുള്ള കുടിയേറ്റക്കാരും വനനശീകരണത്തിനു ശേഷം നടത്തിയ കാപ്പി, ഏലം, തേയില എന്നിവയുടെ പ്ലാന്റേഷൻ കാലാവസ്ഥാ വ്യതിയാനത്തിന് ആക്കം കൂട്ടി.

ഇതിനുപുറമേ ജില്ലയുടെ ഭൂവിസ്തൃതിയിൽ 30 ശതമാനത്തിൽ കൂടുതലുണ്ടായിരുന്ന ചതുപ്പുകൾ തുടക്കത്തിൽ നെൽകൃഷിയായും തുടർന്ന് വാഴ, കവുങ്ങ് തുടങ്ങിയ വാണിജ്യവിളകളായും കരഭൂമിയിൽ തെരുവപ്പുല്ല്, കപ്പ, മുത്താറി, ഇഞ്ചി, കുരുമുളക്, കാപ്പി, റബ്ബർ തുടങ്ങിയവ ചുരുങ്ങിയ കാലഘട്ടത്തിനകത്ത് വിളമാറ്റം വരുത്തിയതും വരൾച്ചയിലേക്ക് നയിക്കുന്നതിന് കാരണമായി. ഇവയുടെ കൃഷി മണ്ണിലെ സ്വാഭാവിക ജൈവ സമ്പുഷ്ടതയും ജലസംഭരണശേഷിയും നഷ്ടമാക്കി. കുടിയേറ്റത്തിനു ശേഷം കരഭൂമിയിലുണ്ടായ വിളമാറ്റം, കുന്നിടിക്കൽ, വയൽ നികത്തൽ, പാറ പൊട്ടിക്കൽ, കരമണൽ ഖനനം എന്നിവയാണ് വയനാടിന്റെ സൂക്ഷ്മ കാലാവസ്ഥയെ തകിടംമറിച്ചതെന്ന് ഹരിതകേരളം മിഷന് സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

ജില്ലയിൽ ലഭിക്കുന്ന 190 ടി.എം.സി. ജലത്തിൽ 140 ടി.എം.സി.യും പുറത്തേക്ക് ഒഴുകിപ്പോവുകയാണ്. കബനിക്കുപുറമേ വളപട്ടണം പുഴ, അഞ്ചരക്കണ്ടിപ്പുഴ, മാഹിപ്പുഴ, കുറ്റ്യാടിപ്പുഴ, ചാലിയാർ, കോരപ്പുഴ, നൂൽപ്പുഴ എന്നിവയിലേക്കും വെള്ളം ഒഴുകിപ്പോകുന്നു. 50 ടി.എം.സി.വെള്ളം മാത്രമാണ് മണ്ണിലും ജലാശയങ്ങളിലും തങ്ങിനിൽക്കുന്നത്. ജില്ലയിൽ കൃഷിക്കുപയോഗപ്പെടുത്തുന്ന 75,000 ഹെക്ടർ സ്ഥലത്തെ ജലസേചനത്തിനും 8.5 ലക്ഷം ജനങ്ങളുടെ ഗാർഹികാവശ്യങ്ങൾക്കും 19 ടി.എം.സി. ജലം മതിയാവും. നിലവിൽ 5.5 ടി.എം.സി. ജലം സംഭരിക്കാൻ മാത്രമാണ് വയനാട്ടിൽ സൗകര്യമുള്ളത്. കാരാപ്പുഴയിൽ 2.7 ടി.എം.സിയും ബാണാസുരയിൽ 1.8 ടി.എം.സിയും ശേഷിക്കുന്നത് കുളങ്ങൾ, ചിറകൾ, തോടുകൾ,ചെക്ക് ഡാമുകൾ, കിണറുകൾ തുടങ്ങിയവയിലും സംഭരിക്കപ്പെടുന്നു.

ജില്ലയിലെ കൃഷിക്കും കുടിവെള്ളത്തിനുംമറ്റും ജലം ലഭ്യമാക്കാൻ ഹരിതകേരളം പദ്ധതിയുടെ ശാസ്ത്രീയമായ ആസൂത്രണത്തിലൂടെ സാധിക്കും. കിണർ റീച്ചാർജിങ്ങിലൂടെ ഗാർഹികാവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റാനാവും. ജില്ലയിലെ എസ്റ്റേറ്റ് മാനേജ്മെന്റുകളുമായി ഗ്രാമപഞ്ചായത്തുകൾ ധാരണാപത്രത്തിലേർപ്പെട്ട് ജലവിനിയോഗത്തിന് സാധ്യമാക്കാവുന്ന വിധത്തിൽ കുന്നുകൾക്കിടയിൽ ജലാശയങ്ങൾ നിർമ്മിച്ചും അനുയോജ്യമായ സ്ഥലങ്ങളിൽ കാവുകൾ സംരക്ഷിക്കുകയോ വളർത്തുകയോ ചെയ്തും പ്രശ്നപരിഹാരം സാധ്യമാണ്. കൈത്തോടുകൾ, പുഴകൾ തുടങ്ങിയവയുടെ അരികുകളിൽ മുളകൾ, കാട്ടുകൂവ, നായക്കരിമ്പ്, കൈത, ഓട തുടങ്ങിയവ വെച്ചുപിടിപ്പിക്കുന്നതും കുന്നിൻചെരിവുകളിലുംമറ്റും ജൈവകൃഷി നടത്തി മേൽമണ്ണ് ഒഴുകിപ്പോവുന്നത് തടയുന്നതും മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കാൻ സഹായകമാണ്.

കൃഷിവകുപ്പും ജില്ലയിലെ മറ്റ് വകുപ്പുകളും സമർപ്പിച്ച പരിഹാര നിർദ്ദേശങ്ങളിൽ സുപ്രധാനമായ പലതും നിർദ്ദേശിച്ചത് ജില്ലാമണ്ണു സംരക്ഷണ ഓഫീസർ പി.യു. ദാസാണ്. നിർദ്ദേശങ്ങൾ ഹരിത കേരള മിഷൻ ഗൗരവമായി പരിഗണിക്കുമെന്ന് ഡോ.ടി.എൻ.സീമ ഇതു സംബന്ധിച്ച് നടന്ന ചർച്ചാ യോഗത്തിൽ അറിയിച്ചത് പ്രതീക്ഷാപൂർവ്വമാണ് വയനാട്ടുകാർ നോക്കിക്കാണുന്നത്. അത്രയധികം കടുത്ത വരൾച്ചയിലൂടെയാണ് വയനാട് കഴിഞ്ഞ കുറെ കാലങ്ങളായി നീങ്ങിക്കൊണ്ടിരിക്കുന്നത്.●

*ലേഖകന്റെ ഫോൺ നം. 9446477029*



## കവർസ്റ്റോറി

വി. സുരേഷ്കുമാർ

**വേനൽക്കാലത്ത് അനുഭവപ്പെടുന്ന കടുത്ത വരൾച്ചയും ജലക്ഷാമവും വിളനാശവും പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് കാലവർഷക്കാലത്താണ്.**

വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്ന വേനൽക്കാലത്ത് അന്തരീക്ഷ താപനില അസഹ്യമാംവിധം ഉയരുന്നു. വിളകൾ വാടിക്കരിയുന്നു. ജലസ്രോതസ്സുകൾ മലിനമാകുകയും വറ്റി വരളുകയും ചെയ്യുന്നു. ജലജന്യ സാംക്രമിക രോഗങ്ങൾ പടരുന്നു. ആരോഗ്യപ്രശ്നങ്ങൾ സംജാതമാകുന്നു. ഇതിൽ നിന്ന് മോചിതരാകാൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ നാം പുനഃസ്ഥാപിച്ചേ മതിയാകൂ.

വേനൽക്കാലത്ത് അനുഭവപ്പെടുന്ന കടുത്ത വരൾച്ചയും ജലക്ഷാമവും വിളനാശവും പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് കാലവർഷകാലത്താണ്. ആറ് മാസത്തിലധികം ദൈർഘ്യമുള്ള കാലവർഷ, തുലാവർഷ കാലയളവിൽ നമുക്ക് 300 സെന്റീമീറ്ററിലധികം മഴ ലഭിക്കാറുണ്ട്. ലോകത്തിൽ ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രമേ ഇത്രയധികം മഴ ലഭിക്കുന്നുള്ളു. പ്രകൃതിയുടെ അത്യപൂർവ്വ അനുഗ്രഹങ്ങളിൽ ഒന്നാണിത്. എന്നിട്ടും വേനൽക്കാലത്ത് കടുത്ത വരൾച്ചയും കാലാവസ്ഥാവ്യതിയാന പ്രശ്നങ്ങളും ആവർത്തിക്കുന്നത് പതിവായിരിക്കുന്നു.

കേരളത്തിന്റെ ചരിവോടുകൂടിയ പ്രതലഘടന നിമിത്തം നമുക്ക് ലഭിക്കുന്ന മഴവെള്ളത്തിന്റെ സിംഹഭാഗവും ഏതാനും മണിക്കൂറുകൾക്കകം കടലിലേക്കോ കായലുകളിലേക്കോ ഒഴുകിയെത്തുന്നു. അതിവേഗം ഓടിയകലുന്ന മഴവെള്ളത്തിന്റെ ഗതിവേഗം കുറച്ച് മണ്ണിലേക്ക് ഊർന്നിറങ്ങുന്നതിന് സഹായിച്ചാലേ മഴവെള്ളം നീരുറവകളായി മാറി നമ്മുടെ ജലാശയങ്ങളിൽ വറ്റാത്ത ജലസാന്നിദ്ധ്യം ഉണ്ടാവുകയുള്ളൂ. നമുക്ക് ലഭിക്കുന്ന മഴവെള്ളത്തിന്റെ ഏതാണ്ട് 70%വും ഇപ്രകാരം ഒഴുകി നഷ്ടപ്പെടുകയാണ്. 20% ത്തിൽ താഴെ മാത്രമേ ഭൂമിയിലേക്ക് ഇറങ്ങിപ്പോകുന്നുള്ളൂ.

ഭൂമിയുടെ ഉപരിതലത്തിലൂടെ അതിവേഗം ഒഴുകിയകലുന്ന ഈ ജലപ്രവാഹം നമ്മുടെ ഫലഭൂയിഷ്ഠമായ ഉപരിതല മണ്ണിനെ കുത്തിയൊഴുക്കിക്കളയുന്നു. കാർഷിക വിളകളുടേയും ചെടികളുടേയും ആരോഗ്യകരമായ നിലനില്പിന് അത്യന്താപേക്ഷിതമായ ഈ മേൽമണ്ണ് കുത്തിയൊലിച്ചുപോകുന്നതു നിമിത്തം പല പ്രദേശങ്ങളും ചരൽപറമ്പുകളായും ചാലുകളും, കിടങ്ങുകളുമായും രൂപപ്പെട്ട് കൃഷിക്ക് അനുയോജ്യമല്ലാതായിത്തീരുന്നു. അമൂല്യമായ ഈ മേൽമണ്ണിന്റെ ശോഷണം അത്യന്തം അപകടകരവും, അടിയന്തിര പരിഹാരം തേടുന്നതുമാണ്.

ഭൂമിയിൽ ധാരാളം മരങ്ങളും സസ്യലതാദികളും ഉണ്ടെങ്കിൽ മാത്രമേ മണ്ണിൽ ശരിയായ രീതിയിൽ ജലം ഇറങ്ങിപ്പോവുകയും, ഈർപ്പം നിലനിൽക്കുകയും ചെയ്യുകയുള്ളൂ. പുല്ലുകളുടേയും, ചെടികളുടേയും ആവരണമുള്ള ഭൂമിയിൽ മണ്ണൊലിപ്പ് കുറവായിരിക്കും. ശക്തമായ വെയിൽ നേരിട്ട് പതിച്ച് ഭൂമിയിലെ നൈസർഗ്ഗിക പോഷകങ്ങൾ നഷ്ടപ്പെടുന്നത് ഹരിതാവരണമുള്ള ഭൂപ്രദേശങ്ങളിൽ വളരെ കുറവായിരിക്കും.

അന്തരീക്ഷ താപനത്തിനും ശക്തമായ ചൂട് ഉണ്ടാകുന്നതിനും കാരണമാകുന്ന കാർബൺഡൈ ഓക്സൈഡ് പോലുള്ള വാതകങ്ങളെ ആഗിരണം ചെയ്ത് ഭൗമാന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നതിനും, തണുപ്പിക്കുന്നതിനും ഹരിതസസ്യങ്ങൾ വളരെ പ്രധാന പങ്ക് വഹിക്കുന്നു. ഈ വിപത്തുകളെ ലഘൂകരിച്ച് നമ്മുടെ പ്രകൃതിയെ സംരക്ഷിച്ച് ഭൂമിയുടേയും പ്രദേശങ്ങളുടേയും സുഖകരമായ - ആരോഗ്യകരമായ നിലനിൽപ്പിന് സഹായകമാകുന്ന മാർഗ്ഗങ്ങൾ നാം സ്വീകരിക്കണം.

ഭൂമിയുടെ പ്രതലത്തിലൂടെ അതിവേഗം ഒഴുകിയകലുന്ന മഴവെള്ളത്തെ ഗതിവേഗം കുറച്ച് മണ്ണിലേക്ക് ഇറങ്ങിപ്പോകുന്നതിന് വേണ്ട സാഹചര്യങ്ങളും, സംവിധാനങ്ങളും ഒരുക്കിയാലേ മഴക്കാലത്ത് ലഭിക്കുന്ന വെള്ളം നീരുറവകളായി രൂപപ്പെട്ട് നമ്മുടെ ജലാശയങ്ങൾ വേനൽക്കാലത്തും വറ്റാതെ ജലസമൃദ്ധങ്ങളാകൂ. മഴക്കാലത്ത് ധാരാളമായി ലഭിക്കുന്ന മഴവെള്ളം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നതിന് സഹായകമായ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താം.

ചരിവ് കുറഞ്ഞ സ്ഥലങ്ങളിൽ മഴക്കാലത്ത് സമൃദ്ധമായി ലഭിക്കുന്ന മഴവെള്ളം സമീപപ്രദേശങ്ങളിലേക്ക് കിനിഞ്ഞിറങ്ങി നീരുറവകൾ പുഷ്ടിപ്പെട്ട് ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള ഫലപ്രദമായ ഒരു സംവിധാനമാണ് പെർക്കൊലേഷൻ ടാങ്കുകൾ. അനുയോജ്യമായ അളവുകളിൽ, കൂടുതൽ ജലവ്യാപ്തിയുള്ള കുഴികളെടുത്താണ് പെർക്കൊലേഷൻ ടാങ്കുകൾ നിർമ്മിക്കുന്നത്.

തെങ്ങ്, കവുങ്ങ് മുതലായ തോട്ടങ്ങളിൽ വേനൽക്കാലത്ത് മണ്ണിലെ ഈർപ്പം സംരക്ഷിച്ച് നിർത്തുന്നതിനുള്ള ഏറെ സഹായകമായ രീതിയാണ് ഈർപ്പക്കുഴികൾ. അനുയോജ്യമായ അളവിൽ കുഴികളെടുത്ത് ചകിരി, അടക്കാതൊണ്ട്, ചപ്പുചവറുകൾ എന്നിവ ഇട്ട് വർഷകാലത്ത് കുഴിമൂടുന്നു. മഴവെള്ളം മണ്ണിലേക്ക് ഇറങ്ങുന്നതിനും, ഈർപ്പം സംരക്ഷിക്കുന്നതിനും, മണ്ണിലെ സസ്യപോഷകങ്ങളുടെ അളവ് വർദ്ധിപ്പിച്ച് വിളവ് വർദ്ധിപ്പിക്കുന്നതിനും ഇത് ഏറെ ഫലപ്രദമാണ്.

പുരയിടങ്ങളുടേയും തോട്ടങ്ങളുടേയും അതിരുകളിൽ ശീമക്കൊന്ന, ചെമ്പരത്തി, പീലിവാക, കൈത, രാമച്ചം എന്നിവ പോലുള്ള ചെടികൾ വെച്ചുപിടിപ്പിച്ചാൽ മണ്ണിടിച്ചിലും മണ്ണൊലിപ്പും തടയാവുന്നതാണ്. മാത്രമല്ല, ഇത്തരം ജൈവ വേലികൾ ജൈവവൈവിദ്ധ്യത്തിന് സംരക്ഷണമേകുകയും ചെയ്യും.

## ഇനിയും മടിക്കരുത്

വെള്ളത്തിനു വേണ്ടി ഒരു ലോകമഹായുദ്ധം തന്നെ ഉണ്ടാവുമോ എന്ന ആശങ്കയിലാണ് ലോകം. അതുകൊണ്ട് വെള്ളം സംരക്ഷിക്കാനുള്ള അടിയന്തിര കാര്യങ്ങൾ ചെയ്യാൻ നാം ഇനിയും മടിക്കരുത്. നാം ശീലിക്കേണ്ട ചില ജലസംരക്ഷണ രീതികൾ ചൂണ്ടിക്കാണിക്കാം. മഴവെള്ളം മണ്ണിലേക്കു കിനിഞ്ഞിറങ്ങുന്നതിന് മഴക്കുഴികൾ നിർമ്മിക്കാം. വൃക്ഷങ്ങൾക്കും തെങ്ങിനും തടം എടുക്കാം. ചരിവുകളിലെ നീരൊഴുക്കു തടസ്സപ്പെടുത്തുന്നതിനു വരമ്പുകൾ തീർക്കാം. മണ്ണിലെ ഈർപ്പം നഷ്ടപ്പെടാതിരിക്കാൻ ഉണങ്ങിയ ഇലകൾ കൊണ്ടു പുതയിടൽ, ഗാർഹികാവശ്യങ്ങൾക്കു ശേഷമുള്ള പാഴ്ജലം തെങ്ങിൻതടത്തിലേക്കോ, പച്ചക്കറിത്തോട്ടത്തിലേക്കോ അല്ലെങ്കിൽ സോക്പിറ്റ് ഉപയോഗിച്ച് മണ്ണിലേക്കോ തിരിച്ചുവിടുന്ന രീതി എന്നിവ നല്ലതാണ്. പൊതുകുളങ്ങളും ജലാശയങ്ങളും പായലും ചെളിയും മാലിന്യങ്ങളും നീക്കി വൃത്തിയാക്കാം.



ഹൃഷികേശൻ നായർ,തട്ടാമല

# അതിജീവനം തേടുന്ന ഗോത്രവർഗ്ഗ സമൂഹം

പ്രത്യേക ഭൂപ്രദേശത്ത് ഒരു തലവന്റെ നേതൃത്തിൽ സവിശേഷമായ ആചാരാനുഷ്ഠാനങ്ങളോടും സംസ്കാരത്തോടും, തങ്ങളുടേതായ ഭാഷയിൽ പരസ്പരം ആശയവിനിമയം നടത്തി തങ്ങൾക്കാവശ്യമായതു മാത്രം ചുറ്റുപാടുകളിൽ നിന്നും ശേഖരിച്ചും തനതു കൃഷിരീതിയിലൂടെ ഉത്പാദിപ്പിച്ചും പങ്കുവെച്ചും ജീവിതം നയിച്ചവരാണ് ഗോത്രവർഗ്ഗക്കാർ. തികഞ്ഞ ജനാധിപത്യ രീതി അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ബ്രിട്ടീഷുകാരുടെ വരവും, തുടർന്നു വനമേഖലയിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും കുടിയേറ്റവും ഗോത്രവർഗ്ഗക്കാരുടെ സ്വതന്ത്ര ജീവിതത്തിനു ഹാനിവരുത്തി.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭരണഘടനയുടെ 342-ാം അനുച്ഛേദം അനുസരിച്ചുള്ള പട്ടികയിൽ ഉൾപ്പെട്ട ഗോത്രവർഗ്ഗ സമൂഹങ്ങൾ പട്ടിക ഗോത്രവർഗ്ഗം എന്ന പേരിൽ അറിയപ്പെടുന്നു. കേരളത്തിൽ ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കാടർ, കുറുമ്പർ, കൊറഗർ തുടങ്ങി 5 പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗമടക്കം 37 പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുണ്ട്. 2011 ലെ സെൻസസ് പ്രകാരം അവരുടെ ജനസംഖ്യ 484839 ആണ്. എന്നാൽ 2014 -ൽ പട്ടിക ഗോത്രവർഗ്ഗത്തിൽ ഉൾപ്പെടുത്തിയ കാസർഗോഡു ജില്ലയിലെ മറാട്ടി സമുദായത്തെ കൂടി കണക്കാക്കിയാൽ പട്ടികഗോത്രവർഗ്ഗ ജനസംഖ്യ 5,15,000 വരും. കേരളത്തിലെ ആകെ ജനസംഖ്യയുടെ 1.45 ശതമാനമാണിത്.

തങ്ങളുടെ വാസസ്ഥലങ്ങളിൽ തികഞ്ഞ സ്വാതന്ത്ര്യത്തോടെ ജനാധിപത്യപരമായ രീതിയിൽ അന്നന്നത്തെ കാര്യങ്ങൾ നിർവ്വഹിച്ചുപോന്ന ഗോത്രവർഗ്ഗക്കാരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും ആവശ്യങ്ങളും അഭിലാഷങ്ങളും പരിമിതമായിരുന്നു. സ്വന്തമായ ഭൂമിയും സമ്പത്തും ശേഖരിക്കുന്നതിനോ നാളേക്കുവേണ്ടി കരുതിവയ്ക്കുന്നതിനോ അവർക്കറിയുമായിരുന്നില്ല. അതിനാൽ മറ്റുള്ളവരുടെ കടന്നുകയറ്റമുണ്ടായ അവസരത്തിൽ ചെറുത്തു നിൽക്കുന്നതിനോ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനോ അവർക്കു കഴിഞ്ഞില്ല. പലർക്കും ഇന്നും കഴിയുന്നുമില്ല. മറിച്ചു കടലോളം സ്വപ്നങ്ങളും ആഗ്രഹങ്ങളും അഭിലാഷങ്ങളും ആവശ്യങ്ങളുമുള്ളവരുടെ കടന്നുകയറ്റം ഗോത്രവർഗ്ഗക്കാരുടെ ജീവിതത്തിന്റെ താളം തെറ്റിക്കുകയുണ്ടായി. സമൂഹത്തിൽ സമന്മാരല്ലാത്തവർ തമ്മിൽ ഇടപെടുമ്പോൾ ഉണ്ടാകുന്ന അനീതി ഇല്ലായ്മ ചെയ്യുന്നതിനു രാഷ്ട്രം ഇടപെടുന്നതിനു ഭരണഘടന വിഭാവനം ചെയ്യുന്നുണ്ട്. അതനുസരിച്ച് കാലാകാലങ്ങളായി വിവിധ തരത്തിലുള്ള വികസന, സംരക്ഷണ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുമുണ്ട്. എന്നിരുന്നാലും താരതമ്യേനെ നാമമാത്ര ജനസംഖ്യയുള്ള കേരളത്തിലെ പട്ടികഗോത്രവർഗ്ഗക്കാരുടെ അതിജീവനം നിരവധി വെല്ലുവിളികൾ നേരിടുന്നു.

ഭരണഘടന നിർമ്മാണ അസംബ്ലിയിൽ (1946 -ൽ) ജയപാൽസിംഗ് മുണ്ട അഭിപ്രായപ്പെട്ടത്, "ആദിവാസികളെ ജനാധിപത്യം പഠിപ്പിക്കുവാൻ നിങ്ങൾക്കു ആവുകയില്ല. അവരിൽ നിന്നും നിങ്ങളാണ് ജനാധിപത്യത്തിന്റെ രീതികൾ പഠിക്കേണ്ടത്. ഈ ഭൂമിയിലെ ഏറ്റവും വലിയ ജനാധിപത്യവാദികൾ അവരാണ്. മറ്റു ഏതൊരു ഭാരതീയനേയും പോലെ ഞങ്ങളേയും നോക്കിക്കാണണം. ആരേയും അവഗണിക്കാത്തതും അവസരസമത്വമുള്ളതും ആയിരിക്കണം" എന്നാണ്. പട്ടികഗോത്രവർഗ്ഗക്കാരുടെ ആത്മവിശ്വാസം വളർത്തി സാമൂഹ്യമായും സാമ്പത്തികമായും സ്വാശ്രയമാക്കുന്നതിനു ഇന്നും പ്രചോദനം നൽകുന്നതാണ് ഈ വാക്കുകൾ. അതംഗീകരിച്ചു തങ്ങളെപ്പോല അവർക്കും ഈ സമൂഹത്തിൽ അന്തസോടെയും അഭിമാനത്തോടെയും ജീവിക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നതിൽ ഓരോ ഭാരതീയനും ഉത്തരവാദിത്വമുണ്ട്. മാനവവികസന രംഗത്ത് മാതൃകയായ കേരളത്തിന് വർദ്ധിത ഉത്തരവാദിത്വം ഇക്കാര്യത്തിൽ നിർവ്വഹിക്കുവാനുമുണ്ട്.







**കേരളത്തിൽ ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കാടർ, കുറുമ്പർ, കൊറഗർ തുടങ്ങി 5 പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗങ്ങളടക്കം 37 പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുണ്ട്. 2011 ലെ സെൻസസ് പ്രകാരം അവരുടെ ജനസംഖ്യ 484839 ആണ്.**

പട്ടിക ഗോത്രവർഗ്ഗ വികസനകാര്യത്തിലുള്ള എല്ലാ ഇടപെടലുകളും അവരുടെ ആത്മവിശ്വാസവും അഭിമാനവും വളർത്തി അവരിലെ നന്മ ഉണർത്തുന്ന തരത്തിലാകണം. 2013 ൽ പട്ടികവർഗ്ഗവികസന വകുപ്പു പ്രസിദ്ധീകരിച്ച പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യസാമ്പത്തിക സ്ഥിതി റിപ്പോർട്ടിൽ വിവിധ രംഗങ്ങളിൽ അവർ കൈവരിച്ച നേട്ടങ്ങളും അവരുടെ പരാധീനതകളും അക്കമിട്ടു നിരത്തുന്നുണ്ട്. പട്ടികഗോത്രവർഗ്ഗക്കാരും പൊതു സമൂഹവും തമ്മിൽ നിലനിൽക്കുന്ന അന്തരം പോലെതന്നെ പട്ടികഗോത്രവർഗ്ഗത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലും എല്ലാ തലത്തിലും ഗണ്യമായ അന്തരം നിലനിൽക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് പട്ടികഗോത്രവർഗ്ഗക്കാർക്കു പുരോഗതി കൈവരിക്കാനായിട്ടുണ്ട്. അതിനനുസൃതമായി ശാശ്വതവരുമാനമുള്ള തൊഴിൽ മേഖലകൾ കണ്ടെത്തി സുസ്ഥിര വികസനം സ്വായത്തമാക്കാനായിട്ടില്ല. അഭ്യസ്ത വിദ്യരായ പട്ടികഗോത്രവർഗ്ഗക്കാരുടെ തൊഴിലില്ലായ്മ ഗണ്യമായി വർദ്ധിച്ചുവരുന്നു.

പട്ടികഗോത്രവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തി സ്കൂൾ പ്രവേശനം ലഭിക്കുന്ന ഓരോ കുട്ടിയും ഉന്നത വിദ്യാഭ്യാസം നേടുന്നുവെന്നു ഉറപ്പുവരുത്തണം. അതോടൊപ്പം അവരുടെ ശേഷികൾ വർദ്ധിപ്പിച്ച്, നേടുന്ന വിദ്യാഭ്യാസത്തിനനുസരിച്ച് ശാശ്വതമായ തൊഴിൽ നേടി സുസ്ഥിര ജീവിതത്തിന് അടിത്തറയിടുന്നതിനും സ്വയം ശാക്തീകരിച്ചു മുന്നേറുന്നതിനും പ്രാപ്തരാക്കേണ്ടതുണ്ട്.

പരമ്പരാഗതമായ തൊഴിലുകളും അറിവുകളും അഭ്യസ്തവിദ്യരായവർക്കു അന്യമാകുന്ന സ്ഥിതിയുണ്ട്. എന്നാൽ ആർജ്ജിച്ച വിദ്യാഭ്യാസം പ്രയോജനപ്പെടുത്തി പരമ്പരാഗത അറിവുകളെ സംയോജിപ്പിച്ച് തൊഴിലും വരുമാനവും കണ്ടെത്തുന്നതിനും മെച്ചപ്പെട്ട ജീവിതം കരുപ്പിടിപ്പിക്കുന്നതിനും അനന്ത സാദ്ധ്യതകളുണ്ട്.

കേരളത്തിലെ പട്ടികഗോത്രവർഗ്ഗക്കാരുടെ ആകെയുള്ള 4762 സെറ്റിൽമെന്റുകളിൽ 1518 ഉം വനത്തിലാണ്. വനവുമായി ബന്ധപ്പെട്ടതാണ് അവരുടെ ആവാസവ്യവസ്ഥ. 2006 ലെ വനാവകാശ നിയമമനുസരിച്ചുള്ള സാമൂഹ്യവനവിഭവപരിപാലനാവകാശം (സിഎഫ്ആർ) അർഹതപ്പെട്ട എല്ലാവർക്കും നൽകുകയും വനവും വനസമ്പത്തും ഇക്കോ സിസ്റ്റവും സംരക്ഷിക്കു





## 2013 ലെ പട്ടികഗോത്ര വർഗ്ഗ സാമൂഹ്യ സാമ്പത്തിക സ്ഥിതി റിപ്പോർട്ടു പ്രകാരം 5 – 59 പ്രായത്തിലെ പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരവും തൊഴിലില്ലായ്മയും

| വിദ്യാഭ്യാസ നിലവാരം | യോഗ്യത നേടിയവർ | തൊഴിലില്ലാത്തവർ | ശതമാനം |
|---|---|---|---|
| പ്രൈമറി വിദ്യാഭ്യാസം | 127344 | 15277 | 11.99 |
| എസ്.എസ്.എൽ.സിക്കു താഴെ | 92349 | 25533 | 27.65 |
| എസ്.എസ്.എൽ.സി | 30342 | 13587 | 44.80 |
| പ്രീ.ഡിഗ്രി/പ്ലസ് ടു | 16374 | 10700 | 65.34 |
| ബിരുദം | 4475 | 2681 | 59.91 |
| ബിരുദാനന്തരബിരുദം | 822 | 386 | 46.95 |
| മറ്റുള്ളവർ | 328 | 175 | 53.35 |
| ആകെ | 272034 | 68339 | 25.12 |

ന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനും, പ്രാപ്തമാക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിനും അതുവഴി അവരുടെ അന്തസ്സു ഉയർത്തുന്നതിനും കഴിയണം. കൃത്യമായ അവലോകനത്തിലൂടെ ഇത് നിർവ്വഹിക്കാവുന്നതാണ്.

തടിയേതര വനവിഭവങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ഇടത്തട്ടുകാരെ ഒഴിവാക്കിയുള്ള വിപണനം നടത്തുക, തങ്ങളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ഹാനി തട്ടാത്ത വിധം ടൂറിസം-ഇക്കോ ടൂറിസം- സാദ്ധ്യതകൾ ആദായകരമായ ജീവിതമാർഗ്ഗമാക്കി മാറ്റുക, പരമ്പരാഗതമായ കൃഷി, വംശീയ ഭക്ഷണം, വംശീയ വൈദ്യം, പരമ്പരാഗത കല ഇവയൊക്കെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ സാദ്ധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. അതിനാവശ്യമായ ശേഷി വികസിപ്പിക്കുന്നതിനും പിന്തുണാ സംവിധാനം ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ സർക്കാർ വകുപ്പുകളുടേയും യോജിച്ച പ്രവർത്തനങ്ങൾ അനിവാര്യമാണ്. പ്രാദേശികമായ പ്രത്യേകതകളും സാദ്ധ്യതകളും വിലയിരുത്തി, ഓരോ രംഗത്തേയും വിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കി അവയെ ജീവനോപാധിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കരുതലോടെ ആവിഷ്കരിച്ചു നടപ്പാക്കണം.

പട്ടികഗോത്രവർഗ്ഗക്കാരുടെ തനതായ ജീവിത സാഹചര്യങ്ങൾക്കും സംസ്കാരത്തിനും ഹാനി തട്ടാതെ ജാഗ്രതയോടുള്ള കൂട്ടായ ഇടപെടലുകളിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനു കഴിയണം. സ്വകാര്യമേഖലയിലടക്കം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ ഫിനിഷിംഗ് സ്കൂൾ മാതൃകയിൽ ലൈഫ് സ്കിൽ, സോഫ്റ്റ് സ്കിൽ, പരിശീലനങ്ങൾ, നൈപുണി വികസനം തുടങ്ങിയവ ലഭ്യമാക്കി അവരുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കാവുന്നതാണ്. പട്ടികഗോത്രവർഗ്ഗക്കാരിലെ സംരംഭകരെ കണ്ടെത്തി സൂക്ഷ്മ സംരംഭങ്ങളും സ്റ്റാർട്ടപ്പുകളും ആരംഭിക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കെല്ലാം ശക്തമായ പിന്തുണാസംവിധാനം ഉറപ്പുവരുത്തി അപ്പപ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ചു മുന്നേറുന്നതിനുള്ള പ്രോത്സാഹനം നൽകുകയും വേണം.

നവകേരള മിഷനു കീഴിൽ പട്ടികഗോത്ര വർഗ്ഗ വികസനത്തിനുവേണ്ടി ഉപമിഷൻ രൂപീകരിച്ചു പട്ടികഗോത്രവർഗ്ഗക്കാരുടെ പാർപ്പിടം, മറ്റു അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിലും വരുമാനവും തുടങ്ങിയ മേഖലകളിലെ നിലവിലെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനു കൃത്യമായ ഇടപെടൽ ഉണ്ടാകണം. പൊതു സമൂഹത്തിൽ വരുത്തുവാനാദ്ദേശിക്കുന്ന മുന്നേറ്റത്തിനൊപ്പം പട്ടികഗോത്രവർഗ്ഗക്കാർക്കിടയിലും പുത്തനുണർവ്വും ശക്തമായ മുന്നേറ്റവും ഇതിലൂടെ വരുത്തുവാനുമാകണം. പരമ്പരാഗത രീതികളിൽ നിന്നു വ്യത്യസ്തമായി, പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും പട്ടികവർഗ്ഗക്കാരും പൊതു സമൂഹവും തമ്മിലുള്ള അന്തരത്തോടൊപ്പം പട്ടികവർഗ്ഗക്കാർക്കിടയിലുള്ള അന്തരവും ഇല്ലാതാക്കി സന്തുലിതമായ സമൂഹസൃഷ്ടിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി കൂട്ടായ പ്രവർത്തനം സംഘടിപ്പിക്കുന്ന തരത്തിൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്തെ പട്ടികവർഗ്ഗ ഉപപദ്ധതി രൂപകൽപന ചെയ്യാവുന്നതാണ്.●

*ലേഖകന്റെ ഫോൺ നം. 9446966082*





കെ.കെ.ജെ. കുമാർ

# ചരിത്രമുറങ്ങുന്ന മറയൂരിൽ ശർക്കരയുടെ മാധുര്യം

പഞ്ചപാണ്ഡവരുടെ പാദസ്പർശമേറ്റ മണ്ണാണ് മറയൂരിലേതെന്ന് പഴമക്കാർ വിശ്വസിക്കുന്നു. പാണ്ഡവൻമാർ വനവാസകാലത്ത് മറഞ്ഞിരുന്ന ഊരാണ് പിന്നീട് മറയൂരായതെന്നും ഐതീഹ്യമുണ്ട്. ഈ പ്രദേശത്തിന് പറയാനുള്ളത് കുടിയേറ്റങ്ങളുടെയും വിദേശ ആധിപത്യത്തിന്റെയും കഥയാണ്. ഇവിടം പണ്ട് പൂഞ്ഞാർ രാജാക്കൻമാരുടെ അധീനതയിലായിരുന്നു. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് ദ്രാവിഡ രാജാവായ തിരുമല നായ്ക്കരുടെ ഭരണത്തിൻ കീഴിലായിരുന്ന മധുര പട്ടണവും ആക്രമണത്തിന് വിധേയമായി. പടയെടുപ്പ് ഭയന്ന ആ പ്രദേശങ്ങളിലെ ജനങ്ങൾ കാന്തല്ലൂർ, കീഴാന്തൂർ, കാരയൂർ, മറയൂർ, കൊട്ടക്കുടി എന്നിങ്ങനെ അഞ്ച് ഊരുകൾ സ്ഥാപിച്ച് സ്ഥിരതാമസമാക്കുകയും ചെയ്തു. ഈ പ്രദേശം അഞ്ചുനാട് എന്നാണ് അറിയപ്പെട്ടത്. ഇവരുടെ പിന്മുറക്കാരാണ് ഇന്നും മറയൂരും കാന്തല്ലൂരും ഉള്ളത്. ടിപ്പുസുൽത്താന്റെ കാലത്ത് മധുരയിൽ നിന്നും മറയൂരിലേക്ക് കുടിയേറ്റമുണ്ടായി. ഇങ്ങനെ കുടിയേറിയവർ ഒരു വിഭാഗമായി മാറി ഒരുമിച്ച് താമസിക്കുകയും പരസ്പരം വിവാഹബന്ധങ്ങളിൽ ഏർപ്പെടുകയും ചെയ്തു. മുതുകിൽ ഭാരമേന്തി വന്നതുകൊണ്ടാണത്രേ ഇവർ മുതുവാന്മാർ എന്നാണ് അറിയപ്പെട്ടത്. ഇവരെക്കൂടാതെ ആചാരാനുഷ്ഠാനങ്ങളിൽ തനിമ പുലർത്തുന്ന നിരവധി ആദിവാസി ഗോത്രങ്ങളും ഇവിടെയുണ്ട്.

മഹാരഥൻമാർ രചിച്ച എഴുത്തറകൾ, ചരിത്രമുറങ്ങുന്ന മുനിയറകൾ, കാറ്റിൽ പോലും സുഗന്ധം കലർത്തുന്ന ചന്ദനക്കാ



ടുകൾ, നാവിൽ തേനൂറുന്ന ശർക്കരപ്പാടങ്ങൾ, കരിമ്പിൻ തോട്ടങ്ങൾ ... ഇടുക്കി മലനിരകളിൽ മറയൂരിനെ വേറിട്ടുനിർത്തുന്ന ഘടകങ്ങൾ ഏറെയുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മഞ്ഞു പെയ്യുന്ന പ്രദേശമാണ് മറയൂർ. അതുകൊണ്ടു തന്നെ ശീതകാല പച്ചക്കറികളുടെ നിരവധി തോട്ടങ്ങൾ ഇവിടെയുണ്ട്. ശീതകാല പച്ചക്കറികളായ കാരറ്റ്, ബീറ്റ്റൂട്ട്, കാബേജ്, കോളിഫ്ളവർ, ഉരുളക്കിഴങ്ങ്, ഉള്ളി എന്നിവ ഇവിടെ സമൃദ്ധമായി വിളയുന്നു. കേരളത്തിൽ ആപ്പിൾ വിളയുന്ന അപൂർവ്വം ഇടങ്ങളിലൊന്നായ ഇവിടെ കാശ്മീരിനെയും ഹിമാചലിനെയും വെല്ലുവിളിച്ച് ആപ്പിൾ കൃഷി വ്യാപകമാകുന്നുണ്ട്. കുളച്ചുവയലിലാണ് ആപ്പിൾ തോട്ടമുള്ളത്. 9 ഏക്കർ സ്ഥലത്ത് 70ലേറെ ആപ്പിൾ മരങ്ങൾ ഒരു കർഷകന്റെ തോട്ടത്തിലുണ്ട്. തികച്ചും ജൈവകൃഷിയിലൂടെ ആപ്പിൾ കൃഷി നടത്തുന്ന തോട്ടങ്ങൾ സന്ദർശിക്കാൻ ടൂറിസ്റ്റുകളും എത്തുന്നുണ്ട്. മൾബറി, ഓറഞ്ച് തുടങ്ങിയവയുടെ കൃഷിയും ഇവിടുത്തെ മണ്ണിന് പ്രത്യേക ചാരുത നൽകുന്നു. ഒരിക്കൽ നെല്ല് സമൃദ്ധമായി വിളഞ്ഞിരുന്ന മറയൂരിൽ ഇപ്പോഴത് പഴങ്കഥ മാത്രം. ഇപ്പോഴത്തെ പ്രധാന കൃഷികളിലൊന്ന് കരിമ്പാണ്. ശർക്കര ഉണ്ടാക്കുന്നതിനുവേണ്ടിയാണ് കരിമ്പ് ഇവിടെ പ്രധാനമായും കൃഷി ചെയ്തു വരുന്നത്. ഗതകാല പ്രൗഢിയിൽ ഇവിടുത്തെ കർഷകർ 'മറയൂർ ശർക്കര' എന്ന ഒരു ബ്രാൻഡ് തന്നെ വികസിപ്പിച്ചെടുത്തിരിക്കുന്നു. ഉന്നത ഗുണമേന്മയാലും രുചിയാലും വിപണി കീഴടക്കിയ മറയൂർ ശർക്കര ഇന്ന് പക്ഷെ ഏറെ വെല്ലുവിളികൾ നേരിടുന്നു. അമ്ലാംശം കുറഞ്ഞ മണ്ണ്, നല്ല കാലാവസ്ഥ, ശുദ്ധമായ ജലം ഇവയെല്ലാമാണ് മറയൂരിലെ പാടങ്ങളിൽ വിളയുന്ന കരിമ്പിൻ നീരിന് മാധുര്യമേറ്റുന്നത്. അതുകൊണ്ടു തന്നെ ഈ കരിമ്പിൻ നീര് ഉപയോഗിച്ചുണ്ടാക്കുന്ന മറയൂർ ശർക്കരയ്ക്ക് രുചിയുമേറുന്നു. ശർക്കരയിലൂടെ മറയൂരിനെ ലോക പ്രശസ്തമാക്കിയ ഇവിടുത്തെ കർഷകർ പക്ഷെ ഇന്ന് പലവിധത്തിലുള്ള പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. അരനൂറ്റാണ്ടിലേറെ കാലത്തെ പെരുമയുണ്ട് മറയൂർ ശർക്കരയ്ക്ക്. മറയൂർ, കാന്തല്ലൂർ ഭാഗങ്ങളിലായി 2500 ഏക്കറോളം സ്ഥലത്താണ് കരിമ്പ് കൃഷി ഉള്ളത്. വെള്ളം മൂന്നാറിനു സമീപമുള്ള തലയാറിൽ നിന്ന് കനാൽ വഴി എത്തിക്കുകയാണ്. മൂവായിരത്തോളം കുടുംബാംഗങ്ങൾ ശർക്കര ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ഉപജീവനം കണ്ടെത്തുന്നു. ഒരു ദിവസം ശരാശരി 12000 കിലോ ശർക്കരയാണ് ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നത്. വർഷം മുഴുവൻ ഇവിടെ ശർക്കര ഉൽപ്പാദനമുണ്ട്. ആഴ്ചയിൽ 100 ചാക്ക് ശർക്കരയാണ് ഇവിടുത്തെ ശരാശരി ഉൽപ്പാദനം. 65 ചാക്ക് ശർക്കര ഒരു ആലയിൽ ഉണ്ടാക്കാൻ 7 ദിവസം വേണം. 60 കിലോ ശർക്കര അടങ്ങിയതാണ് ഒരു ചാക്ക്. 3500 രൂപയെങ്കിലും ഒരു ചാക്കിന് വിലകിട്ടിയാലേ മുതലാകൂ എന്ന് കർഷകർ പറയുന്നു. ഇപ്പോൾ 2500 രൂപയേ കിട്ടുന്നുള്ളൂ എന്നാണ് കർഷകരുടെ ആവലാതി. ഒരു ഏക്കർ കരിമ്പ് പാടത്ത് നിന്ന് 60 ചാക്ക് ശർക്കര ഉത്പാദിപ്പിക്കാം.

ഓണം, വിഷു, ശബരിമല മണ്ഡല, മകരവിളക്ക് കാലം എന്നീ സമയങ്ങളിലാണ് മറയൂർ ശർക്കരക്ക് നല്ല വിലകിട്ടുന്നത്. നിറം കൂടുതലായതു കൊണ്ട് ഹൽവയുണ്ടാക്കാൻ ഏറെ പ്രിയങ്കരമായതാണ് മറയൂർ ശർക്കര.

ഇടുക്കിയിലെ ഈ തനത് ബ്രാൻഡിന് പേറ്റന്റ് നേടാനുള്ള ശ്രമത്തിലാണ് മറയൂരിലെ കരിമ്പ് കർഷകർ. മറയൂരും കാന്തല്ലൂരും വട്ടവടയും ഈയിടെ സന്ദർശിച്ച കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ മറയൂർ ശർക്കരുടെ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ എടുക്കുന്നതു സംബന്ധിച്ച് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജുനാരായണ സ്വാമി ഐ.എ.എസിന് നിർദേശം നൽകിയിരുന്നു. കർഷകരുടെ നട്ടെല്ലൊടിക്കുന്നത് വരൾച്ചയും മഴക്കുറവും വിലയിടിവും പിന്നെ മറയൂർ ശർക്കര എന്ന പേരിൽ തമിഴ്നാട്ടിൽ നിന്നെത്തുന്ന വ്യാജ ശർക്കരയുടെ വ്യാപക വിൽപ്പനയുമാണ്. ഈ വ്യാജൻമാരെ തുരത്താൻ സഹായകമാകും ജിയോഗ്രഫിക്കൽ ഇന്റിക്കേഷൻ പേറ്റന്റെടുക്കുന്നത്. പട്ടാമ്പി, തിരുവല്ല, കാർഷിക ഗവേഷണ കേന്ദ്രങ്ങളുടെ നേതൃത്വത്തിലുള്ള ഗവേഷണ സംഘമാണ് പേറ്റന്റ് നടപടികൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ശർക്കര ഉൽപ്പാദക സംഘങ്ങളായ മറയൂർ ഹിൽസ് അഗ്രികൾച്ചർ ഡെവലപ്മെന്റ് സൊസൈറ്റി, അഞ്ചിനാട് കരിമ്പ് ഉൽപ്പാദക സമിതി, മറയൂർ അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്പനി എന്നിവരും ഗവേഷണത്തോട് സഹകരിക്കുന്നു. വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിക്കുന്ന സാമ്പിളുകൾ എട്ടുതരത്തിലുള്ള ലാബ് പരിശോധനകൾക്ക് വിധേയമാക്കിയാൽ മാത്രമേ ജി.ഐ. പേറ്റന്റ് മറയൂർ ശർക്കരയ്ക്ക് ലഭ്യമാകുന്ന നടപടികൾ പുരോഗമിക്കുകയുള്ളൂ.

പേരും പെരുമയും ഏറെയുണ്ടെങ്കിലും കരിമ്പ് കൃഷിയും ശർക്കര ഉൽപ്പാദനവും ആദായകരമല്ലാതെ വന്നതോടെ കർഷകർ മറ്റ് കൃഷികളിലേക്കും തിരിയുകയാണ്. തമിഴ്നാട്ടിൽ മറയൂർ ശർക്കര എന്ന പേരിൽ വൻതോതിൽ ഉൽപ്പാദനം നടത്തുകയും അത് കേരള വിപണികളിൽ വില കുറച്ച് എത്തിക്കുകയും ചെയ്തതാണ് കർഷകരുടെ നട്ടെല്ലൊടിച്ചത്. തന്മൂലം യഥാർത്ഥ മറയൂർ ശർക്കരയ്ക്ക് ആദായ വില ലഭിക്കാതെയായി. മറയൂർ അതിർത്തി ഗ്രാമങ്ങളായ നെയ്ക്കാരപ്പെട്ടി, കൊഴുമം, കുമരലിംഗം, മാത്തിക്കുളം, പുഷ്പത്തൂർ എന്നിവിടങ്ങളിലെ കരിമ്പു കർഷകരാണ് പഞ്ചസാര മില്ലുകൾക്ക് കരിമ്പ് നൽകുന്നത് നിർത്തി മറയൂർ ശർക്കര എന്ന പേരിൽ ശർക്കര ഉൽപ്പാദനം തുടങ്ങിയത്. കട്ടി രൂപത്തിലുള്ള അച്ചുവെല്ലവും ശർക്കരയുമാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. എന്നാൽ ശുദ്ധമായ മണ്ണും വെള്ളവും ലഭിക്കുന്ന മറയൂരിൽ വിളയുന്ന കരിമ്പിൽ നിന്നുണ്ടാക്കുന്ന ശർക്കരയുടെയത്ര ഗുണവും മേന്മയും ഇതിനില്ല. കരിമ്പു കർഷകരെ ചൂഷണം ചെയ്യാൻ പല തന്ത്രങ്ങളും കച്ചവടക്കാർ പയറ്റുന്നുണ്ട്. കരിമ്പിൻ പാടങ്ങളിൽ മഴ പെയ്യാത്തതു ശർക്കരയുടെ ഗുണനിലവാരത്തെ ബാധിച്ചു എന്നു ചൂണ്ടിക്കാട്ടിയാണ് കഴിഞ്ഞ സെപ്റ്റംബറിൽ ശർക്കരയുടെ വിലയിടിക്കാൻ കച്ചവടക്കാർ ശ്രമിച്ചത്. എന്നാൽ ഇങ്ങനെ വിലകുറച്ചു വാങ്ങുന്ന ശർക്കര വിപണിയിൽ ഉയർന്ന വിലയ്ക്കു തന്നെ വിറ്റ് ഇവർ ലാഭം കൊയ്യുകയും ചെയ്യുന്നു. ഇത്തവണത്തെ മഴക്കാലത്ത് മറയൂരിൽ വേണ്ടത്ര മഴ ലഭിച്ചിരുന്നില്ല. മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് കരിമ്പിൻ തോട്ടങ്ങൾ നനയ്ക്കാൻ എല്ലാ കർഷകർക്കും കഴിഞ്ഞിരുന്നില്ല. ഇതും കർഷകർക്ക് തിരിച്ചടിയായി. ആവശ്യത്തിന് നന ലഭിക്കാത്ത പാടങ്ങളിലെ കരിമ്പിൽ ജലാംശം കുറയുന്നത് മൂലം ഇതിൽ നിന്നുണ്ടാക്കുന്ന ശർക്കരയ്ക്ക് കട്ടി കൂടും. എന്നാൽ രുചിക്കോ ഗുണനിലവാരത്തിനോ ഒരു വ്യത്യാസവും വരില്ല. ഈ വസ്തുത മറച്ചുവച്ചാണ് വ്യാപാരികളുടെ ചൂഷണം.

*ലേഖകന്റെ ഫോൺ നം. 9447667716*



**ഓണം, വിഷു, ശബരിമല മണ്ഡല, മകരവിളക്ക് കാലം എന്നീ സമയങ്ങളിലാണ് മറയൂർ ശർക്കരക്ക് നല്ല വിലകിട്ടുന്നത്. നിറം കൂടുതലായതു കൊണ്ട് ഹൽവയുണ്ടാക്കാൻ ഏറെ പ്രിയങ്കരമായതാണ് മറയൂർ ശർക്കര.**



## മറയൂർ ശർക്കര ഉണ്ടാക്കുന്ന വിധം

വിളവ് എത്തിയ കരിമ്പ് വെട്ടി ക്രഷറിലൂടെ ജ്യൂസാക്കി മാറ്റുന്നു. അത് അരിച്ചെടുക്കുന്നു. ഈ ജ്യൂസ് വലിയ പാത്രത്തിൽ അടുപ്പിൽ വച്ച് തിളപ്പിക്കും. ആറര അടി വ്യത്താവും നാലര അടി താഴ്ചയുമുള്ള കിണറുപോലുള്ളതാണ് അടുപ്പ്. ചുറ്റിനും ഇഷ്ടിക കെട്ടിയാണ് ഇത് തയ്യാറാക്കുന്നത്. അരമണിക്കൂർ തിളപ്പിക്കുമ്പോൾ ജ്യൂസിലെ അഴുക്കും ചെളിയും മുകളിൽ അടിയും. അത് തവികൊണ്ട് വെട്ടിക്കളയും. ഇതിലേക്ക് അൽപ്പം സോഡാക്കാരം ചേർക്കുമ്പോൾ ചെളി വീണ്ടും പതഞ്ഞ് പൊന്തി വരും. അത് വീണ്ടും വെട്ടിക്കളയുന്നു. വീണ്ടും തിളപ്പിക്കുമ്പോൾ അത് ഒരു ജാം പരുവമാകും. ജാം പരുവത്തിലായ ജ്യൂസ് പാത്രത്തിൽ നിന്ന് മാവിന്റെ തടി കൊണ്ട് ഉണ്ടാക്കിയ തോണിപോലുള്ള ട്രേയിലേക്കൊഴിക്കുന്നു. പാനി ഒഴിച്ച ശേഷം അരമണിക്കൂർ നേരം ഇളക്കിക്കൊണ്ടിരിക്കണം. പാനി പൊടിയായി മാറുമ്പോൾ ചൂടാറും മുമ്പു തന്നെ ഉരുളകളായി ഉരുട്ടി എടുക്കണം. ഉരുട്ടിയ ശർക്കരയുരുള പനയോലയിൽ നിരത്തുന്നു. മൂന്നുരുള ചേർന്നാൽ ഒരു കിലോ മറയൂർ ശർക്കരയാകും. ഒരു തവണ 150 കിലോ ശർക്കരവരെ ഉണ്ടാക്കാം.



ഗ്രേഷ്യസ് ബഞ്ചമിൻ

# ഔഷധികളുടെ അമ്മ



കേരളീയർക്ക് വളരെ സുപരിചിതവും പരിപാവനവുമായ ഔഷധ സസ്യമാണ് തുളസി. ഔഷധികളുടെ മാതാവ് എന്ന വിശേഷണമുള്ള സസ്യം. കേരളീയർക്ക് സുപരിചിതമായ ഇനങ്ങളാണ് കറുത്ത തുളസിയും വെള്ളത്തുളസിയും. ഇവ യഥാക്രമം കൃഷ്ണതുളസി, രാമതുളസി എന്നിങ്ങനെ അറിയപ്പെടുന്നു. എന്നാൽ തുളസിയുടെ നിരവധി വകഭേദങ്ങൾ നിലവിലുണ്ട്. അവയിൽ ഏതാനും ചിലതിനെ നമുക്ക് പരിചയപ്പെടാം.



## കൃഷ്ണ തുളസി

Basil Holy

ഇതിന്റെ ശാസ്ത്ര നാമം Ocimum sanctum എന്നാണ്. ഏറെ പവിത്രമായി കരുതി നട്ടുവളർത്തുന്ന സസ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണിത്. വൈഷ്ണവാരാധന രീതികളിൽ തുളസി മാലയ്ക്കുള്ള പ്രാധാന്യം വലുതാണ്. ഇതിന്റെ ഇല, തണ്ട്, വിത്ത് എന്നിവയ്ക്ക് ഔഷധ ഗുണമുണ്ട്.



## രാമതുളസി

Basil Sweet

ഇതിന്റെ ശാസ്ത്ര നാമം Ocimum basilicum, സൗരഭ്യമുള്ള ഇലയും പൂവുമടങ്ങിയ ഈ ചെടിയും പവിത്രമായി കരുതിപ്പോരുന്നു. ഇതിനും ഔഷധ പ്രാധാന്യമുണ്ട്.



## കാട്ടുതുളസി

Basil Hoary

ഇതിന്റെ ശാസ്ത്ര നാമം Ocimum Americanum എന്നാണ്. ഇന്ത്യയിൽ മിക്ക സംസ്ഥാനങ്ങളിലും വന്യമായി വളർന്നു കാണപ്പെടുന്നു. ഇതിന്റെ ഇലയിൽ നിന്നും വാറ്റിയെടുക്കുന്ന സുഗന്ധ തൈലം ഔഷധങ്ങളിലെയും കൊതുകു നിവാരണികളിലേയും ചേരുവയാണ്. കാളിത്തുളസിയുടെ ശാസ്ത്ര നാമം Ocimum Canum എന്നാണ്. കാട്ടുതുളസി യുടെ അതേ ഉപയോഗം തന്നെയാണ് കാളിത്തുളസിയുടെയും.



## തുളസിയുടെ ഔഷധഗുണം

കൃഷ്ണ തുളസിയുടെ ഇല, വിത്ത് എന്നിവയും കുരുമുളകും ചേർത്ത് തയ്യാറാക്കുന്ന കഷായം ഉദര രോഗം, ജലദോഷം, പനി, ശ്വാസകോശ രോഗം എന്നിവയുടെ ശമനത്തിന് ഹിതകരമാണ്.

തുളസിയുടെ വിത്ത് മൂത്രാശയ സംബന്ധിയായ രോഗങ്ങളുടെ ചികിത്സയിൽ ഉപയോഗപ്പെടുത്തുന്നു.

വസൂരി (Smallpox), ലഘുമസൂരി (Chickenpox) എന്നീ അസുഖങ്ങളുടെ ശമനത്തിന് തുളസിയില നീര് 10 മി.ലി അത്രയും തേൻ ചേർത്ത് ദിവസം മൂന്ന് നേരം കഴിക്കണം. 10 ദിവസം വരെ തുടരുന്നത് ഉത്തമമാണ്.

ജീർണജ്വരം, ജീർണകാസം എന്നിവ ബാധിച്ചാൽ തുളസിയില നീര് 5 മി.ലി തേനും ചേർത്ത് പതിവായി മൂന്ന് നേരം കഴിച്ചാൽ രോഗം ശമിക്കും.

മലേറിയ, മഞ്ഞപ്പിത്തം, വയറുകടി എന്നീ അസുഖങ്ങൾക്ക് തുളസിയില സ്വരസം 20 മി.ലി രാവിലേയും വൈകിട്ടും കഴിച്ചാൽ രോഗം ശമിക്കും.

പീനസം, മൂക്കടപ്പ് എന്നിവ പിടിപെട്ടാൽ തുളസിയില തണലിലിട്ട് ഉണക്കിപ്പൊടിച്ചത് നാസികാചൂർണമായി ഉപയോഗിക്കാവുന്നതാണ്.

### തുളസിയും വിഷചികിത്സയും

കീടങ്ങളും വിഷജീവികളും കടിച്ചാൽ തുളസിയിലയും പൂവും മഞ്ഞൾ, തഴുതാമ എന്നിവ തുല്യമായി എടുത്ത് മുറിവായിൽ പുരട്ടുകയും അതു തന്നെ അരച്ചത് 10 ഗ്രാം വീതം ദിവസം മൂന്ന് നേരം എന്ന കണക്കിൽ ഏഴു ദിവസം കഴിച്ചാൽ വിഷം ശമിക്കും.

### തുളസിയും കീടനിയന്ത്രണവും

രാമതുളസി ഇല ചെറിയ ശിഖരങ്ങളായി മുറിച്ച് മുറിക്കുള്ളിൽ കെട്ടിതൂക്കിയാൽ കൊതുക് ശല്യം അകറ്റാം. വീടിനു ചുറ്റും ഈ സസ്യം നട്ടു വളർത്തിയാലും കൊതുക് ശല്യം വളരെ കുറയ്ക്കാം. പേൻ ബാധ ഉണ്ടായാൽ ഉറങ്ങുമ്പോൾ തലയിണക്കരികെ തുളസിയിലകൾ വിതറിയാൽ പേൻ വിട്ടുമാറും. തുളസിയില മുടിയിൽ തിരുകിയാലും മതിയത്രെ.

### തുളസിയും രാസഘടകവും

കർപ്പൂര സദൃശമായ എസൻസ് അടങ്ങിയിരിക്കുന്നു. ഇതിന് ബാസിൽ കാംഫർ എന്നു പറയുന്നു.

തുളസിയും ഭാഷാ സംജ്ഞയും

മലയാളം - തുളസി

തമിഴ് - തുളചി

സംസ്കൃതം- ഭൂതഘ്നി

ഇംഗ്ലീഷ് - ബാസിൽ

ബംഗാളി- തുളസി

ഹിന്ദി - തുലസി



## കർപ്പൂര തുളസി

Basil Camphor

ഇതിന്റെ ശാസ്ത്ര നാമം Ocimum kilimand Scharicum എന്നാണ്. തുളസി ഇനങ്ങൾ എല്ലാം ലേബിയേറ്റെ (Labiatae) സസ്യകുലത്തിലെ ഓഷധികളാണ്. കർപ്പൂര തുളസിയുടെ ജൻമദേശം കെനിയയാണ്. ഈ ചെടിയുടെ ഇലകളിൽ നിന്നും സുഗന്ധ തൈലം വാറ്റിയെടുക്കാറുണ്ട്. ഈ തൈലത്തിനുമുണ്ട് ഏറെ ഔഷധ ഗുണങ്ങൾ. ഇന്ത്യയിൽ പശ്ചിമ ബംഗാൾ, ആസ്സാം, തമിഴ്നാട്, കർണാടകം, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ തൈലത്തിനു വേണ്ടി കർപ്പൂരതുളസി വാണിജ്യാടിസ്ഥാന ത്തിൽ കൃഷിചെയ്തു വരുന്നു.



## ആഫ്രിക്കൻ തുളസി

Fever plant of sierra leone

ശാസ്ത്രനാമം Ocimum viride. ആഫ്രിക്കയാണ് ജന്മദേശം. ഔഷധച്ചെടിയുടെ ഇല, കറികൾക്ക് മണം പകരുന്ന സുഗന്ധ മസാലയായും ഉപയോഗിച്ച് വരുന്നു.



## ശീമത്തുളസി

Hyptis

ശാസ്ത്രനാമം Hyptis Suaveolens. ഈ സസ്യത്തിന്റെ എരിവും മണവുമുള്ള ഇലകൾ ആഹാരത്തിന് രുചിയും മണവും കലർത്താൻ വേണ്ടി ഉപയോഗിക്കുന്നു. ഇതിന്റെ വേരിന് ഔഷധ ഗുണമുണ്ട്. ശീമത്തുളസിയുടെ മറ്റ് സ്പീഷീസുകളാണ് Hyptis Brevipes, Hyptis pectinata എന്നിവ.

*ലേഖകന്റെ ഫോൺ നം. 9495300079*



# ഭവന നിർമ്മാണം ലക്ഷ്യം നേടാൻ കർമ്മപരിപാടി

പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ-ജി) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കമായി ഐ.എ.വൈ പദ്ധതിയിലെ 2007-08 വർഷം മുതൽ 2015-16 വർഷം വരെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയ കുടുംബങ്ങളിൽ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വ്യത്യസ്ത കാരണങ്ങളാൽ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനുള്ള ഒരു കർമ്മ പരിപാടി എല്ലാ ബ്ലോക്കിലും നടപ്പിലാക്കും.





## ജനകീയ പങ്കാളിത്തത്തോടെ ഐ.എ.വൈ സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനുള്ള കർമ്മ പരിപാടി

എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 2007-08 മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം നൽകിയ കുടുംബങ്ങളിൽ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വ്യത്യസ്ത കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ വാർഡുതലത്തിൽ കൃത്യമായി ശേഖരിക്കും.

നിർമ്മാണം പൂർത്തീകരിക്കാൻ ഉള്ളതായി കണ്ടെത്തിക്കഴിഞ്ഞാൽ ഈ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മാർച്ച് 31-ന് മുമ്പായി പൂർണ്ണമായും പൂർത്തീകരിക്കുന്നതിനായി ഒരു കർമ്മപരിപാടിക്ക് രൂപം നൽകണം.

## കർമ്മപരിപാടി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- 2007-08 വർഷം മുതൽ 2015-16 വർഷം വരെ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകളുടെ നിലവിലെ അവസ്ഥയെ സംബന്ധിച്ചും ബാക്കി നൽകാനുള്ള തുകയെ സംബന്ധിച്ച വിവരശേഖരണം(ബ്ലോക്ക് തല ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ)
- സ്പിൽ ഓവർ ഗുണഭോക്താക്കളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള ഫീൽഡുതല പരിശോധന
- ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ മെമ്പർ ചെയർമാനും ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള എക്സ്റ്റൻഷൻ ഓഫീസർ കൺവീനറും, പഞ്ചായത്തിന്റെ ചുമതലയുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ അംഗങ്ങളുമായുള്ള കമ്മിറ്റി ഓരോ പഞ്ചായത്തിലെയും സ്പിൽ ഓവർ വീടുകൾ നേരിട്ട് പരിശോധന നടത്തി ഈ ഗുണഭോക്താക്കളെ 1 മുതൽ 5 വരെയുള്ള വിഭാഗങ്ങളായി താഴെ പറയുന്ന വിധത്തിൽ തരം തിരിയ്ക്കേണ്ടതാണ്.

### വിഭാഗം-1

2007-08 മുതൽ 2015-16 വരെ സ്പിൽ ഓവർ ആയി അവശേഷിക്കുന്ന വീടുകളിൽ പരിശോധന സമയത്ത് വീടുനിർമ്മാണത്തിൽ ചെറിയ പണികൾ മാത്രം പൂർത്തീകരിക്കുവാൻ അവശേഷിച്ചിരിക്കുന്നതായി കാണുന്നതും എന്നാൽ രജിസ്റ്റർ പ്രകാരം ഇവർക്ക് ബാക്കി തുക നൽകാനുള്ളതും അവശേഷിക്കുന്ന തുകയ്ക്ക് പുറമേ സന്നദ്ധ പ്രവർത്തനം ആവശ്യമുള്ളതും ചെറിയ അളവിലുള്ള നിർമ്മാണ സാമഗ്രികൾ ആവശ്യമുള്ളതുമായ വീടുകൾ കാറ്റഗറി -1 എന്നുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തണം.

സമയക്രമം: പ്രസ്തുത വീടുകൾ 2017 മാർച്ച് 15 നകം പൂർത്തീകരിക്കണം.



**പഞ്ചായത്തിൽ പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ ലിസ്റ്റിൽ നിന്ന് ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ച് നൽകുന്ന വീടുകളുടെയും ഗുണഭോക്താക്കളുടെയും അവസ്ഥ സംബന്ധിച്ച് ഫോട്ടോഗ്രാഫ് ഉൾപ്പെടെ വിശദമായ റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ സംഘാടക സമിതി മുമ്പാകെ അവതരിപ്പിക്കണം.**

### വിഭാഗം-2

2007-08 മുതൽ 2015-16 വരെ സ്പിൽ ഓവർ ആയ വീടുകളിൽ ബാക്കി നൽകാൻ അവശേഷിക്കുന്ന തുക നൽകിയാൽ 2017 മാർച്ച് 15-നു മുമ്പായി ഗുണഭോക്താവിന്റെ ഉത്തരവാദിത്വത്തിൽ വീടുപണി പൂർത്തീകരിക്കാൻ കഴിയുന്ന ഗുണഭോക്താക്കൾ. ഇവരെ കാറ്റഗറി 2-ൽ ഉൾപ്പെടുത്തണം.

### വിഭാഗം-3

2007-08 മുതൽ 2015-16 വരെ സ്പിൽ ഓവർ ആയ വീടുകളിൽ വീടിന്റെ പണി തുടർന്നു നടത്താൻ താൽപര്യം ഇല്ലാത്ത ഗുണഭോക്താക്കൾ. ഈ ഗുണഭോക്താക്കളുടെ വീടുകൾ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ അടങ്ങുന്ന ടീം ഒരിക്കൽ കൂടി നേരിൽ കാണേണ്ടതും വീടിന്റെ പണി നടത്താൻ താൽപര്യം ഉള്ളവരെ കാറ്റഗറി 2-ൽ ഉൾപ്പെടുത്തേണ്ടതുമാണ്.

### വിഭാഗം-4

2007-08 മുതൽ 2015-16 വരെ സ്പിൽ ഓവർ ആയ വീടുകളിൽ പരിശോധന സമയത്ത് വീട് വിറ്റതായി കാണുന്ന ഗുണഭോക്താക്കൾ. ഇവർ കൈപ്പറ്റിയ തുക പലിശ സഹിതം റവന്യൂ റിക്കവറി നടപടിയിൽ കൂടി ഈടാക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്ത് നടപ്പാക്കണം.

### വിഭാഗം-5

2007 -08 മുതൽ 2015-16 വരെയുള്ള സ്പിൽ ഓവർ ആയ വീടുകളിൽ പരസഹായത്തോടെ മാത്രം വീട് പൂർത്തിയാക്കാൻ കഴിയുന്ന ഗുണഭോക്താക്കൾ (ഈ ഗുണഭോക്താക്കളുടെ വീടിന്റെ ഫോട്ടോ, കുടുംബത്തിന്റെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം, വീട് പൂർത്തീകരിക്കാൻ കഴിയുന്ന തുകയുടെ എസ്റ്റിമേറ്റ് എന്നിവ പ്രത്യേകം തയ്യാറാക്കി ഓരോ ഗുണഭോക്താവിന്റെയും വീട് പൂർത്തീകരണത്തിന് പ്രത്യേകം കർമ്മ പരിപാടി തയ്യാറാക്കണം. ഇതിനായി ബ്ലോക്ക് തലത്തിൽ സന്നദ്ധ സംഘടനാ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടികൾ, ഇതര മത സ്ഥാപന മേധാവികൾ, സ്കൂൾ, കോളേജ് ഭാരവാഹികൾ സന്നദ്ധരായ വ്യക്തികൾ എന്നിവരുടെ പ്രത്യേക യോഗം കൂടി വിശദമായി ചർച്ച ചെയ്ത്, ഗുണഭോക്താക്കളുടെ വിവരം പണി പൂർത്തീകരിക്കാൻ വിവിധ ഏജൻസികൾ/സംഘടനകൾ/വ്യക്തികൾ എന്നിവർക്ക് നൽകണം)

## വിഭാഗം 5-ൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വീടിന്റെ പൂർത്തീകരണത്തിന് ജനകീയ പങ്കാളിത്തത്തിലൂള്ള മുന്നൊരുക്കങ്ങൾ

- വിഭാഗം-5-ൽ ഉൾപ്പെട്ട ഗുണഭോക്താ

ക്കളുടെ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായുള്ള ബ്ലോക്കുതല സംഘാടക സമിതി രൂപീകരണം.

- ഇതിന് പുറമെ ഗുണഭോക്താവിന്റെ സാമൂഹിക പശ്ചാത്തലം തയ്യാറാക്കണം. തദ്ദേശസ്വയംഭരണ വകുപ്പ് ഓവർസിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമ്മാണത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടിവരുന്ന തുക കണക്കാക്കേണ്ടതും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന പരമാവധി സബ്സിഡി കഴിഞ്ഞുള്ള തുകയ്ക്ക് പൊതു സമൂഹത്തിന്റെ സഹായം തേടാവുന്നതുമാണ്.



- ഈ ഗുണഭോക്താക്കളുടെ വീടിന്റെ ഫോട്ടോ, കുടുംബത്തിന്റെ സാമൂഹിക, സാമ്പത്തിക പശ്ചാത്തലം വീട് പൂർത്തീകരിക്കാൻ ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ് എന്നിവ പ്രത്യേകം തയ്യാറാക്കി ഓരോ ഗുണഭോക്താവിന്റേയും വീട് പൂർത്തിയാക്കുന്നതിന് പ്രത്യേകം കർമ്മപരിപാടി തയ്യാറാക്കി വിവിധ ഏജൻസി, സംഘടനകൾ, വ്യക്തികൾ എന്നിവർക്ക് നൽകണം.
- വിവിധ സാമൂഹിക-രാഷ്ട്രീയ-സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, സി. എസ്.ആർ എന്നിവയുടെ സഹായത്തോടെ വീട് പൂർത്തീകരിച്ച് നൽകണം. പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രവർത്തന മാർഗ്ഗരേഖയ്ക്ക് രൂപം നൽകുന്നതിനുമായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥർ, സാമൂഹിക രാഷ്ട്രീയ സന്നദ്ധ സംഘടന ഭാരവാഹികൾ, വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വിവിധ ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും ഭാരവാഹികൾ എന്നിവരുടെ സംയുക്ത യോഗങ്ങൾ ഇതിലേക്കായി വിളിച്ച് ചേർക്കണം. സംഘാടക സമിതി രൂപീകരണത്തിൽ പങ്കെടുത്ത സന്നദ്ധ രാഷ്ട്രീയ, സാമൂഹിക പ്രവർത്തകരുടെ പൊതു അഭിപ്രായങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സംഘാടക സമിതി യോഗത്തിൽ പൂർത്തിയാകാത്ത വീടുകളുടെ പൊതു സ്ഥിതി ശേഖരണം ഉണ്ടാകണം.

വിഭാഗം 5-ൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് തല സംഘാടകസമിതി രൂപീകരിക്കണം. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർ വൈസ് ചെയർമാൻമാരും, വിവിധ സാമൂഹിക, രാഷ്ട്രീയ സംഘടന ഭാരവാഹികൾ, ഉദ്യോഗസ്ഥർ അംഗങ്ങളും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ബ്ലോക്ക് തല സംഘാടക സമിതി കൺവീനറും ഹൗസിംഗ് ഓഫീസർ കോ- ഓർഡിനേറ്ററും ആയ ഒരു ബ്ലോക്ക്തല സംഘാടക സമിതിക്ക് രൂപം നൽകണം.

### ജനകീയ പങ്കാളിത്തത്തോടെ ഐ.എ.വൈ സ്പിൽ ഓവർ വീടുകൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ

1. ഗ്രാമപഞ്ചായത്ത് തലത്തിൽ വിപുലമായ നിർവ്വഹണ സമിതി രൂപീകരണ യോഗം വിളിച്ച് ചേർക്കൽ

2. പഞ്ചായത്തിൽ പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ ലിസ്റ്റിൽ നിന്ന് ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ച് നൽകുന്ന വീടുകളുടെയും ഗുണഭോക്താക്കളുടെയും അവസ്ഥ സംബന്ധിച്ച് ഫോട്ടോഗ്രാഫ് ഉൾപ്പെടെ വിശദമായ റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ സംഘാടക സമിതി മുമ്പാകെ അവതരിപ്പിക്കണം.

(എ) എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള ചുമതല പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നൽകിക്കൊണ്ട് ഒരു ടീം രൂപീകരിക്കണം.

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ ഗുണഭോക്താവിന്റെ ജീവിത പശ്ചാത്തലം, നിലവിലെ വീടിന്റെ അവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ ടീം രൂപീകരിക്കണം.

3. ഓരോ വീടിന്റേയും നിർമ്മാണത്തിന് തുടക്കം കുറിക്കാൻ കഴിയുന്ന തീയതിയും പൂർത്തിയാക്കാൻ കഴിയുന്ന തീയതിയും നേതൃത്വം നൽകേണ്ട ആളുടെ പേരും ചർച്ച ചെയ്ത് തീരുമാനിക്കണം.

പ്രസ്തുത സംഘാടകസമിതി ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും വാർഡ്തലത്തിലും രൂപീകരിക്കണം.

ബ്ലോക്ക് പഞ്ചായത്തുകളിലെ ഇന്ദിര ആവാസ് യോജന സ്പിൽ ഓവർ വീടുകളുടെ വിവരശേഖരണം, മോണിറ്ററിംഗ്, ഇവാലുവേഷൻ എന്നിവ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. ഫീൽഡുതല പരിശോധനയിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ കാറ്റഗറി തിരിച്ചുള്ള കണക്ക്, ഓരോ കാറ്റഗറിയിലും ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പഞ്ചായത്ത്, വർഷം അടിസ്ഥാനത്തിലുള്ള വിവരങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തണം.

### ഏറ്റെടുത്ത പ്രവർത്തനങ്ങളിൽ ഓരോ ഘട്ടത്തിലും പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തുവാനുള്ള നിർദ്ദേശങ്ങൾ

സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി ചെയ്യേണ്ട പ്രവർത്തനങ്ങളെ നാലായി തരംതിരിക്കുകയും ഓരോ ഘട്ടത്തിലും ചെയ്യേണ്ട പ്രവൃത്തികൾ സംബന്ധിച്ചും ഓരോ പ്രവൃത്തിയും പൂർത്തീകരിക്കേണ്ട സമയക്രമം സംബന്ധിച്ചും നിശ്ചിത ദിവസങ്ങൾ പിന്നിടുമ്പോൾ എവിടെയെത്തി എന്നും വിലയിരുത്തേണ്ടതാണ്.

ആകെ നിർമ്മാണം പൂർത്തീകരിക്കാൻ ഉള്ളതായി കണ്ടെത്തുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മാർച്ച് 15 -ന് മുമ്പായി പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് രൂപം നൽകുന്ന കർമ്മപരിപാടിയാണ് ഇത്. ഏറ്റവും അടിയന്തിര പ്രാധാന്യമുള്ള വിഷയം ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സേവന മനോഭാവത്തോടുകൂടി കർമ്മ നിരതരായി നിശ്ചിത സമയക്രമം പാലിച്ച് പദ്ധതി പൂർത്തീകരണം നിർവ്വഹിക്കണം.●






# അഴിമതി രഹിത തദ്ദേശസ്വയംഭരണ വകുപ്പ് സർക്കാർ ലക്ഷ്യം

**മന്ത്രി. കെ.ടി. ജലീൽ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തരത്തിലുമുള്ള അഴിമതിയും അനുവദിക്കില്ലെന്നും അഴിമതി നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി. കെ. ടി ജലീൽ പറഞ്ഞു. ഗ്രാമവികസന വകുപ്പിന്റെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിക്കുന്ന വെർച്വൽ ക്ലാസ് റൂമുകളുടെ സംസ്ഥാനതല ഉദ്ഘാടനം, തിരുവനന്തപുരത്ത് സ്വരാജ്ഭവനിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തദ്ദേശ സ്ഥാപനങ്ങളെക്കുറിച്ച് ജനങ്ങൾക്കുള്ള പരാതികളിൽ ശക്തവും സുതാര്യവുമായ നടപടികൾ ഉണ്ടാകും. പതിനാലോളം അഴിമതിക്കാരായ ഉദ്യോഗസ്ഥരെ ഇതിനകം സസ്പെൻഡ് ചെയ്തിട്ടുണ്ട്. അത്തരം നടപടികൾ തുടർന്നും ഉണ്ടാകുമെന്നും ജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനുള്ള 'ഫോർ ദ പീപ്പിൾ' ഈ പ്രവർത്തനങ്ങളിൽ നാഴികക്കല്ലാകുമെന്നും അദ്ദേഹം പറഞ്ഞു.

തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ക്ലാസ്സുകളും പരിശീലനവും നൽകുന്നതിനും വകുപ്പു മന്ത്രിയോടും ഉന്നത ഉദ്യോഗസ്ഥരോടും നേരിൽ പ്രശ്നങ്ങൾ അവതരിപ്പിക്കാനും അവസരമൊരുക്കുന്ന സംവിധാനമാണ് രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ). കേരളത്തിലെ 33 കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന വെർച്വൽ ക്ലാസ് റൂമുകൾ. ഒരു ജില്ലയിൽ രണ്ടു വീതം 28 ബ്ളോക്ക് പഞ്ചായത്തുകൾ ട്രെയ്നി നോഡുകളും തളിപ്പറമ്പ് ഇ.ടി.സി, കില, കടുത്തുരുത്തി ബ്ലോക്ക് ഓഫീസ്, എസ്.ഐ.ആർ.ഡി കൊട്ടാരക്കര, സ്വരാജ്ഭവൻ എന്നിവിടങ്ങളിൽ അഞ്ച് ട്രെയ്നർ നോഡുകളാണ് പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ളത്. ഏഴുകോടി രൂപയാണ് ഇതിന്റെ ചെലവ്. കേരളത്തിലാണ് ആദ്യമായി ഈ പദ്ധതി നടപ്പാക്കുന്നത്. ഒരേ സമയം 1300 പേരെ പങ്കെടുപ്പിച്ച് ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ ഈ സംവിധാനത്തിലൂടെ കഴിയും. ഇപ്പോൾ കേന്ദ്രീകൃതമായി നടത്തുന്ന കാര്യശേഷി വികസന പരിപാടികളും പരിശീലനവും വികേന്ദ്രീകൃതമായി നടത്താൻ ഇതുവഴി സാധിക്കും. പരിശീലനാർത്ഥികൾക്ക് അവരുടെ സ്വന്തം സ്ഥലത്ത് പരിശീലനം ലഭ്യമാക്കുന്നത് പദ്ധതിയുടെ നേട്ടമാണ്. തദ്ദേശ വകുപ്പിലെ പ്രവർത്തനങ്ങൾ സുഗമവും സുതാര്യവുമാക്കുന്നതിന് പദ്ധതി പ്രയോജനപ്പെടുമെന്ന് മന്ത്രി കെ.ടി. ജലീൽ അഭിപ്രായപ്പെട്ടു. എല്ലാ മാസവും പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാരും ഗ്രാമവികസന കമ്മീഷണറും ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യും.

ഉദ്ഘാടന ശേഷം വെർച്വൽ ക്ലാസ് റൂം സംവിധാനത്തിലൂടെ എല്ലാ കേന്ദ്രങ്ങളിലേയും ജനപ്രതിനിധികളുമായി മന്ത്രി ആശയവിനിമയം നടത്തി. കെ. മുരളീധരൻ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിയും ഗ്രാമവികസന കമ്മീഷണറുമായ എ. ഷാജഹാൻ. ഐ.എ.എസ്, മുൻസിപ്പൽ ചെയർമാൻ ചേംബർ ചെയർമാൻ പി.ബി രമേശൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് സുഭാഷ്.ആർ എന്നിവർ പങ്കെടുത്തു.●

# സഞ്ചാരികളെ മാടി വിളിച്ച് അമ്പനാട്

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച പ്രദേശമാണ് കൊല്ലം ജില്ലയിലെ കിഴക്കൻ മലയോരം. പശ്ചിമഘട്ട നിരയിൽപ്പെടുന്ന ഈ രമണീയ മേഖലയിൽ പ്രകൃതി സൗന്ദര്യം നിറഞ്ഞുനിൽക്കുന്ന അനവധി സ്ഥലങ്ങൾ ഉണ്ടെങ്കിലും മറ്റു പ്രദേശങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമാണ് ആര്യങ്കാവ് ഗ്രാമപഞ്ചായത്തും അവിടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളും. പാലരുവി, കുംഭാവുരുട്ടി, അച്ചൻകോവിൽ തുടങ്ങി നിരവധി വിനോദ സഞ്ചാര മേഖലകൾ ഇവിടെയുണ്ടെങ്കിലും പുനലൂരിൽ നിന്നും 42 കി.മീ അകലെയുള്ള അമ്പനാട് പ്രദേശം ഗ്രാമീണ വിനോദസഞ്ചാരത്തിന് മുതൽക്കൂട്ടാണ്.

തോട്ടം മേഖലയായ ഇവിടം ഏത് വിനോദസഞ്ചാരികളുടെയും മനം കവരും. ആകാശം മുട്ടി നിൽക്കുന്ന മലനിരകൾ, തെളിനീരുമായി ഒഴുകുന്ന തോടുകളും അരുവികളും, വിവിധ ഇനം വൃക്ഷങ്ങൾ നിറഞ്ഞ താഴ്‌വരകൾ, തേയിലച്ചെടികളും ഗ്രാമ്പൂ ചെടികളും നിറഞ്ഞ തോട്ടങ്ങൾ എന്നിവ അമ്പനാടിന്റെ പ്രകൃതി രമണീയതയുടെ മുഖമുദ്രകളാണ്. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 1200 അടിയോളം ഉയർന്നു നിൽക്കുന്ന ഈ പ്രദേശത്തെ കാലാവസ്ഥയും കാറ്റും ആരോഗ്യദായകമാണ്.

അമ്പനാട് എത്തുന്ന ഏതൊരു സഞ്ചാരിയേയും ആകർഷിക്കുന്നതാണ് കുടമുട്ടി വെള്ളച്ചാട്ടം. മലയുടെ മുകളിൽ നിന്നും ഒഴുകിയെത്തുന്ന ചെറിയ നീർച്ചാലുകൾ ഒന്നായിച്ചേർന്ന് ചെറു അരുവികളായി മാറി അവ ഒന്നു ചേർന്ന് പിക്നിക് റോക്കിലൂടെ താഴേക്ക് പതിക്കുന്നതാണ് കുടമുട്ടി വെള്ളച്ചാട്ടം. മിഡിൽ അമ്പനാടിൽ വനമേഖലയോട് ചേർന്നാണ് കുടമുട്ടി വെള്ളച്ചാട്ടം. മഴക്കാലത്തു ജലത്തിന്റെ തോത് വർദ്ധിക്കുന്നതോടെ കുടമുട്ടിയുടെ ഭാവവും മാറും. ഒറ്റക്കുതിപ്പിന് താഴേക്ക് പതിക്കുന്ന വെള്ളം പാറയുടെ മുകളിൽ നിന്നും കവിഞ്ഞൊഴുകി താഴേക്കെത്തുന്നത് കാഴ്ചക്കാരേയും കുളിക്കാൻ എത്തുന്നവരേയും വിസ്മയിപ്പിക്കും.





അമ്പനാട് ഗ്രാമത്തിന്റെ പ്രവേശന കവാടമായ മെത്താപ്പിൽ എത്തുമ്പോൾ തന്നെ പ്രകൃതി ഒരുക്കിയ മാറ്റം നമുക്ക് ദൃശ്യമാകും. പുത്തോട്ടത്തു നിന്നും അഞ്ച് ഹെയർപിൻ വളവുകൾ പിന്നിട്ടാണ് മെത്താപ്പിലെത്തുക. തേയിലത്തോട്ടങ്ങളും ഗ്രാമ്പൂ, കുരുമുളക് തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ നിറഞ്ഞ മലമടക്കുകളുമാണ് ഏവരേയും സ്വാഗതം ചെയ്യുന്നത്. ഇവിടെയെത്തുമ്പോൾ തന്നെ കുളിർമയുള്ള കാലാവസ്ഥ നമുക്ക് അനുഭവപ്പെടും.

കാനനപാതക്ക് സമമായ അമ്പനാട് റോഡുകളിലൂടെ സഞ്ചരിച്ചാൽ തൊഴിലാളികൾ പാർക്കുന്ന ലയങ്ങളും അവരുടെ ജീവിതത്തിന്റെ നേർദൃശ്യങ്ങളും നമുക്ക് കാണാൻ കഴിയും. ഇവിടെത്തന്നെയാണ് വർഷങ്ങൾക്കു മുമ്പു തോട്ടത്തിന്റെ ചുമതലക്കാരായി എത്തിയ ബ്രിട്ടീഷ് പൗരൻമാർക്കായി നിർമ്മിച്ചിട്ടുള്ള ക്യാമ്പ് ഫയർ സംവിധാനത്തോടു കൂടിയ ബംഗ്ലാവുകളും അതിനോട് ചേർന്നുള്ള നീന്തൽ കുളവും കാണാവുന്നത്.

ബ്രിട്ടീഷുകാർ നിർമ്മിച്ച ബംഗ്ലാവിൽ നിന്നും നായാട്ടിനായി പോയിരുന്ന പാതയും അവിടെ കുതിരയെ സൂക്ഷിക്കാനായി നിർമ്മിച്ചിരുന്ന സ്ഥലവും ഇരുളാശി മലയുടെ എതിർഭാഗത്തായി ഇപ്പോഴും കാണാം.

നിരവധി നാണ്യവിളകളാൽ സമ്പന്നമായ അമ്പനാട്







ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന തേയില ഫാക്ടറി മറ്റൊരു ആകർഷണമാണ്. തേയില ക്കൊളുന്തെടുത്ത് അവ സംസ്കരിക്കുന്നതിന്റെ എല്ലാ ഘട്ടങ്ങളും അമ്പനാട് എന്ന ഗ്രാമത്തിൽ നമുക്ക് കാണാൻ സാധിക്കും. കേരളീയ, തമിഴ് ജീവിത ശൈലികൾ ഒന്നിച്ചു ചേരുന്ന ഒരു പ്രദേശം കൂടിയാണിത്. സംസ്കാരത്തിലും ഭാഷയിലും ഭക്ഷണത്തിലും കലകളിലും ഉള്ള വിഭിന്ന രൂപങ്ങൾ കണ്ടു മനസ്സിലാക്കാനും അമ്പനാട് എന്ന ഗ്രാമം സഞ്ചാരികളെ സഹായിക്കും.

പ്രകൃതിയുടേയും മറ്റു ജീവിതചിത്രങ്ങളുടെയും വിഭിന്നമായ കാഴ്ചകൾ ദൃശ്യമാകുന്ന ഒരു മേഖലയാണ് അമ്പനാട്. എങ്കിലും ഇനിയും വേണ്ടത്ര ശ്രദ്ധ അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. തോട്ടം മേഖലകളിൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധ നൽകുന്ന സംസ്ഥാന സർക്കാരും പ്രത്യേകിച്ചു ടൂറിസം വകുപ്പും ഇക്കോ ടൂറിസത്തിലോ, ഗ്രാമീണ ടൂറിസത്തിലോ ഉൾപ്പെടുത്തി അമ്പനാടിനായി ഒരു പ്രത്യേക ടൂറിസം പാക്കേജ് നടപ്പിലാക്കിയാൽ കൊല്ലം ജില്ലയുടെ ടൂറിസം മാപ്പിൽ ഒരു സുപ്രധാന സ്ഥാനം അമ്പനാടിന് കൈവരും എന്ന കാര്യത്തിൽ സംശയമില്ല.●


*ലേഖകന്റെ ഫോൺ നം. 9747390084*











ഷിജു ഏലിയാസ്


# ദേശീയ റർബൻ മിഷൻ ശില്പശാല തിരുവനന്തപുരത്ത്




ഗ്രാമപ്രദേശങ്ങളിലെ വികസന ക്ലസ്റ്ററുകളുടെ സമഗ്രവും പൂർണ്ണവുമായ വികസന പദ്ധതികൾ ലക്ഷ്യമിട്ട് 2015 സെപ്തംബറിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ വികസന പദ്ധതിയാണ് ശ്യാമ പ്രസാദ് മുഖർജി റർബൻ മിഷൻ (എസ്.പി.എം.ആർ.എം). നാഷണൽ റർബൻ മിഷൻ എന്ന പേരിൽ അറിയപ്പെടുന്ന ഈ പദ്ധതിയിലൂടെ ഓരോ പ്രദേശത്തിന്റെയും സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ-സാങ്കേതിക-പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്നു. അതിലൂടെ ആ പ്രദേശങ്ങളെ സ്മാർട്ട് ക്ലസ്റ്റർ ആക്കി മാറ്റുകയാണ് ലക്ഷ്യം. കേന്ദ്ര ഗ്രാമവികസനവകുപ്പ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി 5,142.08 കോടി രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്

പദ്ധതിയുടെ ഭാഗമായി ദേശീയ റർബൻ മിഷന്റെ അഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദക്ഷിണ മേഖല ശിൽപശാല ജനുവരി 30,31 തീയതികളിൽ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടന്നു. സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് ഐ.എ.എസ് ഉത്ഘാടനം ചെയ്തു. കേരളത്തിനു പുറമെ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാന പ്രതിനിധികളും ശിൽപശാലയിൽ പങ്കെടുത്തു. ദേശീയ റർബൻ മിഷന്റെ ചീഫ് പ്രോഗ്രാം മാനേജർ വിനീത ഹരിഹരൻ ശിൽപശാലയ്ക്ക് നേതൃത്വം നൽകി.

ശിൽപശാലയിൽ വി.കെ.ബേബി ഐ.എ.എസ് (സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്), കെ. വാസുകി ഐ.എ.എസ്(എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ), എസ്.ഹരി കിഷോർ ഐ.എ.എസ്, (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ), സാജൻ (കോസ്റ്റ് ഫോർഡ്, തിരുവനന്തപുരം), ഗിരിജ (ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)) എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

ശിൽപശാലയിൽ പങ്കെടുത്തവർ വെള്ളനാട് ബ്ലോക്കിലെ വെള്ളനാട്, ആര്യനാട് ഗ്രാമപഞ്ചായത്തുകൾ സന്ദർശിക്കുകയും അരുവിക്കര എം.എൽ.എ കെ.എസ്. ശബരിനാഥൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ എന്നിവരുമായി ആശയവിനിമയം നടത്തുകയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്തു.●

**പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച കേരളത്തിലെ ക്ലസ്റ്ററുകൾ**

| *ജില്ല* | *ക്ലസ്റ്റർ* | *പഞ്ചായത്തുകൾ* |
|---|---|---|
| കണ്ണൂർ | മാങ്ങാട്ടിടം ക്ലസ്റ്റർ | മങ്ങാട്ടിടം, കോട്ടയം |
| എറണാകുളം | പുത്തൻവേലിക്കര ക്ലസ്റ്റർ | പുത്തൻവേലിക്കര, കുന്നുകര |
| കോട്ടയം | പുതുപ്പള്ളി ക്ലസ്റ്റർ | പുതുപ്പള്ളി, മണർകാട് |
| തിരുവനന്തപുരം | വെള്ളനാട് ക്ലസ്റ്റർ | വെള്ളനാട്, ആര്യനാട് |

മാതൃഭാഷ

ജെസി നാരായണൻ

# മാധുര്യമേറും മാതൃഭാഷ

മാതൃഭാഷയിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്ന പുതു തലമുറയെ മാതൃഭാഷയോടടുപ്പിക്കുന്നതിനും നമ്മുടെ തനതു സംസ്കാരത്തെക്കുറിച്ച് അവരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ആരംഭിച്ച മലയാളം പള്ളിക്കൂടം ശ്രദ്ധേയമാകുന്നു. തിരുവനന്തപുരം നഗരത്തിൽ, ബസ്സിന്റെ ബോർഡ് വായിക്കാൻ പ്രയാസപ്പെടുന്ന പ്ലസ്ടു വിദ്യാർത്ഥികളുടെ ദയനീയാവസ്ഥ നേരിൽക്കണ്ട ചില മാധ്യമപ്രവർത്തകരുടെ മനസ്സിൽ മുളയിട്ട ആശയമായിരുന്നു മലയാളം പള്ളിക്കൂടം. മലയാളത്തിന്റെ പ്രിയ കവി യശഃശരീരനായ ഒ. എൻ.വി കുറുപ്പിന്റേയും കവി വി. മധുസൂദനൻ നായരുടേയും അനുഗ്രഹാശിസ്സുകളോടെ പള്ളിക്കൂടം പ്രവർത്തനം ആരംഭിച്ചു. മലയാളത്തെ പടിക്കകത്തു കടക്കാൻ അനുവദിക്കാത്ത ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ നിരവധി വിദ്യാർത്ഥികൾ ഇന്ന് മാതൃഭാഷ പഠിക്കുന്നതിനായി പള്ളിക്കൂടത്തിലെത്തുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന പാഠ്യപദ്ധതിയിലൂടെ അവർ മാതൃഭാഷയിൽ ആഭിമുഖ്യമുള്ളവരായി മാറുന്നു.

അടച്ചിട്ട ക്ലാസ് മുറികളിലല്ല, പ്രകൃതിയുമായി കുട്ടിയിണക്കിയാവണം കുട്ടികൾക്ക് അറിവ് പകരാനെന്ന ആശയത്തിലൂന്നിയാണ് മലയാളം പള്ളിക്കൂടത്തിന്റെ പ്രവർത്തനം. അക്ഷരങ്ങൾ മണലിലെഴുതിക്കൊണ്ടാണ് കുട്ടികൾ ഇവിടെ പഠനത്തിന് ഹരിശ്രീ കുറിക്കുന്നത്. കളികളിലൂടെയും പാട്ടുകളിലൂടെയും അക്ഷരങ്ങളെ അടുത്തറിയാനും ഉച്ചാരണം സ്ഫുടമാക്കുവാനും അവർക്കു സാധിക്കുന്നു. നാടൻ പാട്ടുകൾ, നാട്ടുമൊഴികൾ, നാട്ടറിവുകൾ, നാടൻ കളികൾ എന്നിവയിലൂടെ ഔപചാരിക വിദ്യാഭ്യാസത്തിനപ്പുറം, ജനിച്ച നാടിന്റെ ഹൃദയസ്പന്ദനം തൊട്ടറിയാനും കുട്ടികൾക്കു കഴിയുന്നു.

കുട്ടികളിൽ ചരിത്രബോധവും സാമൂഹ്യബോധവും സൃഷ്ടിക്കുന്നതിനായി പഠനയാത്രകളും പള്ളിക്കൂടം ഒരുക്കുന്നു. കാളവണ്ടിയാത്ര, ഗ്രാമയാത്ര തുടങ്ങിയവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ നിന്നു മാറി നെയ്യാറ്റിൻകരയ്ക്കു സമീപമുള്ള കുന്നത്തുകാൽ ഗ്രാമത്തിലേക്ക് ഈയടുത്തകാലത്തു നടത്തിയ ഗ്രാമയാത്ര കുട്ടികൾക്ക് ഹൃദ്യമായി മാറി. മുകളിൽ നീലാകാശം, താഴെ പച്ചക്കടൽ. സൂര്യൻ മേഘപാളികൾക്കിടയിലൂടെ ചരിഞ്ഞുകയറുന്നു. ചുറ്റും ചെറുതോടുകളുടെ കളാകളാരവം.... പിന്നിൽനിന്ന് പ്രായമായ ഒരു കർഷകന്റെ ഞാറ്റുപാട്ട് ഒഴുകിയൊഴുകിയെത്തി. അതേസമയംതന്നെ വിശാലമായ വയലിലേക്ക് കടന്നുവന്ന മന്ദമാരുതൻ നെല്ലോലത്തുമ്പുകളിൽ ഊഞ്ഞാലാടി. അപ്പോൾ മലയാളം പള്ളിക്കൂടത്തിന്റെ രക്ഷാധികാരിയായ കവി മധുസൂദനൻനായർ ആ ദൃശ്യം ചൂണ്ടിക്കാട്ടിക്കൊണ്ട് കുട്ടികളോടു പറഞ്ഞു: "നോക്കൂ, പച്ചക്കടലിൽ തിരമാലകൾ ആലോലമാടുന്നതു കണ്ടോ?" കുട്ടികൾ കുറേനേരം ആ കാഴ്ച കൗതുകത്തോടെ ആസ്വദിച്ചു.

കുന്നത്തുകാൽ ഗ്രാമത്തിലേക്കു മലയാളം പള്ളിക്കൂടം നടത്തിയ ഗ്രാമയാത്രയിൽ കുട്ടികൾ ഏറ്റവും ഇഷ്ടപ്പെട്ടത് അമരവിള ഏലായുടെ നടവരമ്പിലൂടെയുള്ള ആ നടത്തമായിരുന്നു. പിന്നെ അവർ പാദരക്ഷകൾ വരമ്പത്തഴിച്ചുവച്ച് മെല്ലെ വയലിലേക്കിറങ്ങി. കുഞ്ഞുകാലുകൾ ആദ്യമായി ചെളിയുടെ കുളിരറിഞ്ഞു. നെൽച്ചെടികൾക്കിടയിൽ, തെളിവെള്ളത്തിൽ അവർ തവളയെയും വാൽമാക്രികളെയും കണ്ടെത്തി. ചിലർ കൈത്തോട്ടിലെ വെള്ളത്തിൽ മതിമറന്ന് കളിച്ചുകൊണ്ടിരുന്നു. മറ്റുചിലർ വയൽപ്പൂക്കളും കയ്യോന്നി, കൊടങ്ങൽ, പുളിയാറില തുടങ്ങിയ ഔഷധച്ചെടികളും ശേഖരിക്കുന്നതിൽ ഏർപ്പെട്ടു. ഓരോ ചെടിയുടെയും ഗുണങ്ങളെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും വൈദ്യപാരമ്പര്യമുള്ള കവി കുട്ടികൾക്കു വിശദീകരിച്ചുകൊടുത്തു.

സൂര്യന്റെ ചൂടേറിയ രശ്മികൾ ഉച്ചിയിലേക്ക് ശക്തിയായി പതിയുന്നുണ്ടെങ്കിലും കുട്ടികൾ അതറിഞ്ഞില്ല. ഒരു മണിക്കൂർ സമയം അവർ നെൽവയലിന്റെ കുളിരനുഭവിച്ചു; ഗന്ധം നുകർന്നു.

പാടത്തിന്റെ ലഹരിയിൽനിന്ന് കുട്ടികളെ കരയ്ക്കു കയറ്റാൻ സംഘാടകർക്ക് ബുദ്ധിമുട്ടേണ്ടിവന്നു. കയറിവന്നപ്പോഴാകട്ടെ പലരും ചേറ്റിൽ കുളിച്ച രൂപത്തിൽ. കൈത്തോട്ടിലിറങ്ങി ഉടുപ്പുകഴുകിയിട്ടേ യാത്ര തുടരാനായുള്ളു. കുട്ടികൾ ഈ കാഴ്ചകൾ എത്രയേറെ ഇഷ്ടപ്പെടുന്നുവെന്ന കാര്യം രക്ഷിതാക്കൾ അപ്പോഴാണറിയുന്നത്. "കാശും ചെലവാക്കി ഫാന്റസി പാർക്കിൽ കൊണ്ടുപോയാൽ പോലും ഇവർ ഇത്ര സന്തോഷിക്കില്ല. " എന്ന് ഒരു രക്ഷിതാവ് പറയുന്നതു കേട്ടു.

ഈ ഗ്രാമക്കാഴ്ചകൾ ഇല്ലെങ്കിൽ കുട്ടികൾ നമ്മളോട് ചോദിക്കും: "അച്ഛാ, നെല്ലു കായ്ക്കുന്ന മരമേതാണ്?" "നമുക്ക് പച്ചക്കറികൾ ലഭിക്കുന്നത് സൂപ്പർമാർക്കറ്റിൽനിന്നല്ലേ അമ്മേ?"...ആ ചോദ്യങ്ങൾ കേട്ട് നാം അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. കാഴ്ചയുടെ അനുഭവമില്ലെങ്കിൽ സംഭവിക്കുന്നത് ഇതാണ്. എന്തു സംശയത്തിനും ആഗോളവലയിൽ പരതുന്നവർ ഓർക്കുക; വയലിന്റെ ഗന്ധം യു-ട്യൂബിൽനിന്ന് അനുഭവിക്കാനാവില്ല. പാടത്തെ ചെളിയുടെ നനുനനപ്പ് വരമ്പിൽനിന്ന് കണ്ടത്തിലേക്കിറങ്ങിയാൽ മാത്രമേ അനുഭവിക്കാനാവൂ. ആ അനുഭവമുള്ള കുട്ടിക്ക് വയലുകളുടെ വില മനസ്സിലാവും. ജലസ്രോതസ്സുകളുടെ ആവശ്യം തിരിച്ചറിയാനാകും. ജലസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസിനേക്കാൾ ഫലപ്രദമാണ് ഈ അനുഭവങ്ങൾ. വിദ്യാഭ്യാസത്തിന്റെ ഏറ്റവും ഉദാത്തമായ മാർഗ്ഗമാണത്. "പ്രകൃതിയാണ് എന്റെ പാഠശാല" എന്ന് ഒ.വി. വിജയൻ പറഞ്ഞിട്ടുള്ളത് എത്ര ശരിയാണ്. പ്രകൃതിയെ കണ്ണാടിയിൽ പകർത്തിയതാണ് നാം കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നത്. അതിന് ത്രിമാനം ഉണ്ടാവണമെന്നില്ല. ആ കണ്ണാടി മാറ്റി അവർ നേരിട്ട് പ്രകൃതിയെ കാണട്ടെ; അപ്പോൾ അതിന്റെ മൂന്നു വശങ്ങളും വ്യക്തമായി അവരുടെ മനസ്സിൽ പതിയും.

നമ്മുടെ വിദ്യാലയങ്ങളിൽനിന്ന് ഫാന്റസി പാർക്കുകളിലേക്കും മറ്റും വിനോദയാത്ര കൊണ്ടുപോകുന്നവരുടെ മനസ്സിൽ ഈ കഥ ഓർമ്മയിലിരിക്കട്ടെ. പ്രകൃതിയുടെ മൂന്നാംകാഴ്ചക്കാരാകാതെ ഒന്നാം കാഴ്ചക്കാരാകാൻ കുട്ടികൾക്ക് അവസരം നൽകുക. ഫാന്റസി പാർക്കുകളുടെ വാഗ്ദാനങ്ങളിൽ വീഴാതിരിക്കാൻ, ഗ്രാമത്തിലെ കുട്ടികളെ നഗരക്കാഴ്ചകളും നഗരത്തിലെ കുട്ടികളെ ഗ്രാമക്കാഴ്ചകളും കാണിക്കുന്ന പാഠ്യപദ്ധതിക്കുതന്നെ രൂപംകൊടുക്കുന്നത് ഉചിതമായിരിക്കും.

*ലേഖികയുടെ ഫോൺ നം. 9495903955*








അനീഷ് തിരൂർ



# ജീവനക്കാർക്ക് ഡോക്യുമെന്റേഷൻ പരിശീലനം

ഗ്രാമീണ ജനതയുടെ മുഖച്ഛായ മാറ്റുന്ന രീതിയിൽ നടപ്പിലാക്കി വരുന്ന ഗ്രാമവികസന പരിപാടികൾ, ഡോക്യുമെന്റ് ചെയ്യുന്നതിന്റെ ഭാഗമായി ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനത്തിന് തുടക്കമായി. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പടെ നിരവധി വികസന പദ്ധതികളാണ് ഗ്രാമീണ മേഖലയിൽ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കി വരുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന/പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന നിർമ്മാണ പദ്ധതികൾ, പ്രധാനമന്ത്രി ഗ്രാമ സഡക് യോജന, പ്രധാനമന്ത്രി കൃഷി സിഞ്ചയി യോജന തുടങ്ങിയ പദ്ധതികൾ വഴി ഗ്രാമീണ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ സിംഹഭാഗവും ഗ്രാമവികസന വകുപ്പ് മുഖേനയാണ് ചിലവഴിക്കപ്പെടുന്നത്. വികസന പ്രവർത്തനങ്ങളിലെ അനുകരണീയമായ മാതൃകകൾ വിവിധ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും മനസ്സിലാക്കുന്നതിനും, പദ്ധതി നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പരിശീലനം സഹായകമാകും.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുള്ള പരിശീലനം കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലുള്ള കില- മാനവ ശേഷി വികസന കേന്ദ്രത്തിൽ വച്ച് ജനുവരി അവസാന വാരം നടന്നു. നാല് ദിവസങ്ങളിലായി നടന്ന പരിശീലനത്തിന് കില-മാനവ ശേഷി വികസന കേന്ദ്രം ഫാക്കൽറ്റി അംഗം മുഹമ്മദ് ജാ നേതൃത്വം നൽകി. സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രോജക്റ്റ് കോ-ഓർഡിനേറ്റർ ഡോക്ടർ സുന്ദരേശൻ നായർ, ഐ.എം.ജി പ്രോജക്റ്റ് കൺസൾട്ടന്റ് മനോജ്, മൃഗ സംരക്ഷണ വകുപ്പ് പി. ആർ. ഒ. ഡോ: ഷൈൻ കുമാർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ ചീഫ് ഓഫീസർ എൻ. രാധാകൃഷ്ണപിള്ള തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.

പരിശീലനത്തിന്റെ ഭാഗമായി ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ കിഴക്കേ കല്ലട, മൺറോത്തുരുത്ത്, തൃക്കരുവ പ്രദേശങ്ങൾ സന്ദർശിച്ച് വിവിധ വികസന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തു. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ സമഗ്ര നീർത്തട പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കിണർ റീച്ചാർജ്ജിംഗ്, അരുഴി നീരുറവ സംരക്ഷണം എൻ.കെ പ്രേമചന്ദ്രൻ എം.പിയുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച കുമ്പളം പബ്ലിക് ലൈബ്രറി കെട്ടിടം എന്നിവയുടെ ഗുണഭോക്താക്കളെ കണ്ട് നേട്ടങ്ങൾ ഡോക്യുമെന്റ് ചെയ്തു.

മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംഘം സന്ദർശിച്ചു. അനുദിനം കടലിലേക്ക് താഴ്ന്നു പോയ്ക്കൊണ്ടിരിക്കുന്ന തുരുത്തിലെ വിവിധ ദ്വീപുകളുടെ കഥ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിനു ഡോക്യുമെന്റേഷൻ സംഘത്തിന് വിശദീകരിച്ചു നൽകി. സന്ദർശനത്തിന് കില-മാനവ ശേഷി വികസന കേന്ദ്രം ഫാക്കൽറ്റി അംഗം ഡോ: ഉമ്മൻ ജോൺ നേതൃത്വം നൽകി. വനിതാ ക്ഷേമ ഓഫീസർ അജി എബ്രഹാം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ സംഗീത, നിഷ, മഞ്ജു എന്നിവർ സംഘത്തെ അനുഗമിച്ചു.

ഡോക്യുമെന്റേഷൻ പരിശീലനത്തിന്റെ ഭാഗമായി പ്രശസ്ത ഹ്രസ്വചിത്ര സംവിധായകരും ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർമാരുമായ ഷാഫി മോടിയിൽ, യതീന്ദ്രനാഥ് തൃക്കൂർ എന്നിവരുടെ നേതൃത്വത്തിൽ ഡോക്യുമെന്ററികൾ തയ്യാറാക്കി. യതീന്ദ്രനാഥ് തയ്യാറാക്കിയ 'മൺറോത്തുരുത്ത് ഒരു ഭൂവിലാപം' എന്ന ഡോക്യുമെന്ററിയുടെ ഛായാഗ്രഹണവും എഡിറ്റിംഗും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ലിയോ കാക്കശ്ശേരി നിർവ്വഹിച്ചു. ഷാഫി മോടിയിൽ സംവിധാനം ചെയ്ത 'ചിറ്റുമലയിലെ ചില കാഴ്ചകൾ' എന്ന ഡോക്യുമെന്ററിക്ക് ക്യാമറ ചലിപ്പിച്ചത് ആലപ്പുഴ എ.ഡി.സി ഓഫീസിലെ വിപിനും രതീഷും ചേർന്നാണ്. മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ കിരൺ എഡിറ്റിംഗ് നിർവഹിച്ചു. ഈ ഡോക്യുമെന്ററികൾ യൂട്യൂബിൽ ലഭ്യമാണ്.

പരിശീലനാർത്ഥികൾ തയ്യാറാക്കിയ വിവിധ ഡോക്യുമെന്ററികൾ വിദഗ്ദ്ധ പാനലിനു മുൻപാകെ അവതരിപ്പിച്ചു. ഷാഫി മോടിയിൽ സംവിധാനം ചെയ്ത ചിറ്റുമലയിലെ ചില കാഴ്ചകൾ മികച്ച ഡോക്യുമെന്ററിയായി തെരഞ്ഞെടുത്തു. ഷാഫി മോടിയിലിനും സംഘത്തിനും റൂറൽ ഇൻഫർമേഷൻ ബ്യൂറോ ചീഫ് ഓഫീസർ എൻ. രാധാകൃഷ്ണപിള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. കില-മാനവശേഷി വികസന കേന്ദ്രം റീജിയണൽ ഡയറക്ടർ പി.ജെ ആന്റണി പരിശീലനാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.●

*ലേഖകന്റെ ഫോൺ നം. 9847224424*





## ഗ്രാമവികസന വകുപ്പ് ജീവനക്കാരുടെ

# പൊതുസ്ഥലംമാറ്റത്തിന് മാർഗ്ഗ നിർദ്ദേശങ്ങൾ

ഗ്രാമവികസന വകുപ്പിലെ 2017 വർഷത്തെ പൊതുസ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി വിവിധ വിഭാഗം ജീവനക്കാരുടെ സ്ഥലമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളായി.

സ്ഥലംമാറ്റ അപേക്ഷ നൽകാൻ ആഗ്രഹിക്കുന്ന ജീവനക്കാർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ ആഫീസ് മേലധികാരികൾ മുഖേന അതത് പ്രൊജക്ട് ഡയറക്ടർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്ക് സമർപ്പിക്കണം. പ്രൊജക്ട് ഡയറക്ടർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) മാർ ഇതിനായുള്ള പ്രൊഫോർമ ജില്ലയിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തും. അപേക്ഷകർ സ്ഥലംമാറ്റ അപേക്ഷ പ്രൊജക്ട് ഡയറക്ർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) മാർ മുഖേന മാത്രം സമർപ്പിക്കണം. അപേക്ഷയുടെ മുൻകൂർ പകർപ്പ് ഒരു കാരണവശാലും ഗ്രാമവികസന കമ്മീഷണർക്ക് നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ല. ഇതിന് വിരുദ്ധമായി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കും. പ്രൊജക്ട് ഡയറക്ടർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർ തങ്ങളുടെ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ തസ്തികതിരിച്ച് സൂക്ഷ്മപരിശോധന നടത്തി ആവശ്യമായ ശുപാർശ സഹിതം ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിക്കണം. അപേക്ഷകർ തങ്ങൾക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പ്രത്യേക പരിഗണന അവകാശപ്പെടുകയാണെങ്കിൽ ആയത് സാധൂകരിക്കുന്നതിനുള്ള ആവശ്യമായ രേഖകളുടെ, ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടുള്ള പകർപ്പുകൾ അപേക്ഷയോടൊപ്പം ഹാജരാക്കണം. സ്ഥലംമാറ്റ അപേക്ഷകൾ പ്രൊജക്ട്ഡയറക്ടർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) മാർക്ക് നൽകേണ്ട അവസാന തീയതി ഈ മാസം 28 ആണ്. പ്രൊജക്ട് ഡയറക്ടർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർ അപേക്ഷകൾ ക്രോഡീകരിച്ച് ആവശ്യമായ ശുപാർശ സഹിതം ഗ്രാമവികസന കമ്മീഷണറേറ്റിൽ മാർച്ച് 6-ന് 5 മണിക്കകം ലഭ്യമാക്കണം. സ്ഥലംമാറ്റത്തിന് നൽകുന്ന അപേക്ഷകൾ നിശ്ചിത പ്രൊഫോർമയിൽ തന്നെ നൽകേണ്ടതാണ്. മുമ്പ് സ്ഥലംമാറ്റത്തിന് അപേക്ഷ നൽകി സ്ഥലം മാറ്റം ലഭിക്കാത്തവർ വീണ്ടും പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിക്കണം. ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിക്കുന്നതും സ്ഥലംമാറ്റം നടപ്പിലാക്കുന്നതും നിശ്ചിത മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും. ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നുള്ള അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രം ജില്ലയ്ക്കകത്തുള്ള സ്ഥലം മാറ്റം നടത്തും. നിലവിൽ ജോലിചെയ്യുന്ന സ്റ്റേഷന്റെ 20 കി.മീ ചുറ്റളവിലുള്ള സ്റ്റേഷനുകളിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കില്ല. പൊതു സ്ഥലം മാറ്റത്തിന് ആഗ്രഹിക്കുന്ന മൂന്ന് സ്റ്റേഷനുകളുടെ പേര് വ്യക്തമായി സൂചിപ്പിച്ചിരിക്കണം. ജില്ലയുടെ പേര് മാത്രം സൂചിപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.



തുടർച്ചയായ 5 വർഷക്കാലമായി ഒരേ സ്റ്റേഷനിൽ ജോലിചെയ്യുന്ന ആളുകൾക്കും, പ്രൊമോഷൻ ലഭിച്ചപ്പോൾ സീനിയറായ ആളുകൾ പുറത്തു നിൽക്കെ സ്വന്തം ജില്ലയിൽ സൗകര്യപ്രദമായ നിയമനം ലഭിച്ചവർക്കും നിർബന്ധിത സ്ഥലംമാറ്റം നൽകും. മേൽ സൂചിപ്പിച്ച ജീവനക്കാർക്കും പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ നൽകി സൗകര്യപ്രദമായ സ്റ്റേഷനുകൾ ചൂണ്ടിക്കാണിക്കാം. പ്രൊജക്ട് ഡയറക്ടർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർ ഓരോ തസ്തികയിലേക്കും സ്ഥലം മാറ്റ അപേക്ഷകൾ തരംതിരിച്ച് ലിസ്റ്റ് തയ്യാറാക്കി പ്രത്യേകം കവറുകളിൽ നൽകേണ്ടതാണ്. കവറിനു മുകളിൽ പൊതു സ്ഥലംമാറ്റ അപേക്ഷ - 2017/.. തസ്തിക എന്നു രേഖപ്പെടുത്തിയിരിക്കണം. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷകൾ സമർപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും. ഗ്രാമവികസന വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷാ ഫോറവും സർക്കുലറും. www.rdd.kerala gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അർഹതയുള്ളവരുടെ കരട് ലിസ്റ്റ് മാർച്ച് 20 ന് പ്രസിദ്ധീകരിക്കും. ആക്ഷേപങ്ങൾ 25 വരെ നൽകാം. അന്തിമലിസ്റ്റ് ഏപ്രിൽ അഞ്ചിന് പ്രസിദ്ധീകരിക്കും.●

രാജീവ് . എസ്.ആർ

# ആർഷയ്ക്കും ആർദ്രയ്ക്കും സ്വപ്നവീടൊരുങ്ങുന്നു

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2007-08 മുതൽ 2015-16 വർഷം വരെ ഐ.എ.വൈ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയ ഗുണഭോക്താക്കളിൽ വ്യത്യസ്ത കാരണങ്ങളാൽ വീടിന്റെ പണികൾ പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് ജനകീയ പങ്കാളിത്തത്തോടെ വീടു പണി പൂർത്തീകരിച്ച് നൽകുന്നതിന് മുഖത്തല ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച ജനകീയ പാർപ്പിട പൂർത്തീകരണ പദ്ധതിയാണ് 'തലചായ്ക്കാനൊരു കൈത്താങ്ങ്'. ഈ ജനകീയ പദ്ധതിയിൽ മയ്യനാട് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താവാണ് പത്താം വാർഡിലെ നെല്ലഴത്തു പുത്തൻ വീട്ടിൽ മിനി ബിനു. 2011-12 വർഷത്തിലാണ് മിനി ബിനുവിന് ഐ.എ.വൈ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് സഹായം അനുവദിച്ചത്. ബ്ലോക്കിൽ നിന്നും ലഭിച്ച 1,17000/- രൂപ ഉപയോഗിച്ച് വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മേൽക്കൂര മട്ടം വരെ പൂർത്തിയായപ്പോൾ വൃക്ക രോഗിയും ഓട്ടോ ഡ്രൈവറുമായിരുന്ന ഭർത്താവ് ബിനു മരണപ്പെടുകയുണ്ടായി. ഹൃദ്രോഗിയായ മിനിക്കും കൊല്ലം എസ്.എൻ വിമൻസ് കോളേജിൽ 2-ാം വർഷം ബി.എസ്.സി. കെമിസ്ട്രി വിദ്യാർത്ഥിനിയായ ആർഷയ്ക്കും മയ്യനാട് ഗവൺമെന്റ് സ്കൂളിലെ 4-ാം ക്ലാസ്സ് വിദ്യാർത്ഥിനിയായ ആർദ്രയ്ക്കും തങ്ങളുടെ സ്വന്തം വീട് എന്നത് സ്വപ്നം മാത്രമായി അവശേഷിക്കുമ്പോഴാണ് മുഖത്തല ബ്ലോക്ക് പഞ്ചായത്ത് 'തലചായ്ക്കാൻ ഒരു കൈത്താങ്ങ്' എന്ന പേരിൽ ഐ.എ.വൈ സ്പിൽ ഓവർ വീടുകളുടെ ജനകീയ പങ്കാളിത്തത്തോടെയുള്ള പൂർത്തീകരണ പദ്ധതി ആരംഭിക്കുന്നത്. മിനി ബിനുവിന്റെ മകളായ ആർഷ ഡിഗ്രിക്ക് പഠിക്കുന്ന കൊല്ലം എസ്. എൻ കോളേജ് പ്രിൻസിപ്പാൾ ഡോ. ഷെർളി. പി. ആനന്ദിനെ സമീപിച്ച് ആർഷയ്ക്ക് ഒരു സുരക്ഷിത കിടപ്പാടം ഒരുക്കാൻ സഹായിക്കണമെന്ന് മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജീവിന്റെ നേതൃത്വത്തിലുള്ള സംഘം അഭ്യർത്ഥിച്ചപ്പോൾ വളരെ സന്തോഷത്തോടെ കൊല്ലം എസ്. എൻ. വിമൻസ്കോളേജിലെ എൻ.എസ്.എസ് വോളന്റിയർമാർ ആ ദൗത്യം ഏറ്റെടുക്കുകയും കോളേജ് വിദ്യാർത്ഥികളും അദ്ധ്യാപകരും സ്വരൂപിച്ച തുകയ്ക്ക് പുറമെ മയ്യനാട് ഗ്രാമപഞ്ചായത്തിലെ ഓട്ടോ തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, ജനപ്രതിനിധികൾ, ആശാ പ്രവർത്തകർ എന്നിവർ കൂടി തങ്ങളുടെ സഹായ ഹസ്തങ്ങൾ നീട്ടിയപ്പോൾ ആർഷയ്ക്കും ആർദ്രയ്ക്കും സ്വന്തമായി വീട് എന്നത് യാഥാർത്ഥ്യത്തിലേക്ക് നീങ്ങുകയാണ്. ഈ സ്വപ്ന വീടിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് 2016 ഡിസംബർ 27 ന് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടേയും പൊതുജനങ്ങളുടേയും വിദ്യാർത്ഥികളുടേയും സാന്നിദ്ധ്യത്തിൽ കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ വി. ശശി തുടക്കം കുറിക്കുകയുണ്ടായി. ആർഷയ്ക്കും ആർദ്രയ്ക്കും സ്വപ്നവീട് ഒരുക്കാനുള്ള കൊല്ലം എസ്.എൻ. വിമൻസ് കോളേജിന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രവർത്തനങ്ങളും മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയ പാർപ്പിട പൂർത്തീകരണ പദ്ധതിയായ 'തലചായ്ക്കാനൊരു കൈത്താങ്ങിന്' പൊതു സമൂഹത്തിൽ നിന്നു ലഭിച്ച ജനകീയ പിന്തുണയും പ്രോത്സാഹനവും പദ്ധതിയുടെ പൂർത്തീകരണത്തിന് കരുത്തേകും എന്ന പ്രതീക്ഷയിലാണ് മുഖത്തല ബ്ലോക്ക് പഞ്ചായത്ത്.●






ലേഖകന്റെ ഫോൺ നം: 9895908658



# മഴമേഘങ്ങളേയും കാത്ത്...

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
തിരുവനന്തപുരം



# ഗ്രാമീണകേരളത്തിന്റെ ഉൾക്കാഴ്ചയുമായി

## ഗ്രാമഭൂമി



**വായിക്കുക,**
**വരിക്കാരാകുക**
**ഗ്രാമഭൂമി**

2 വർഷത്തേക്ക്
₹24
മാത്രം

ണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003


Printed and Published by N. Radhakrishna Pillai, Chief Officer, Rural Information Bureau, Owned by A. Shajahan IAS, Commissioner of Rural Development, Government of Kerala, Printed at Government Central Press, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: N. Radhakrishna Pillai